**KOTTAYAM PUBLIC LIBRARY**

M07

Call No. SAM-K Acc. No. 19606

Author സാമുവൽ എം.

Title കഥാ ചന്ദ്രിക

1425

K. Chandrika Form II

# കഥാചന്ദ്രിക

19606.

എം. സാമുവൽ.

PUBLISHED BY THE GOVERNMENT
OF
TRAVANCORE-COCHIN
1952-53

PRINTED AT
THE PRESS RAMSES, TRIVANDRUM.

M07

866

# അവതാരിക

ലോകപ്രസിദ്ധന്മാരായ മഹാന്മാരുടെ ജീവചരിത്രസംഭവങ്ങളിൽ നിന്നു് സശ്രദ്ധം തിരഞ്ഞെടുത്തവയും പുത്രവാത്സല്യം, ഭൃത്യദയ, സ്വരാജ്യസ്നേഹം, അനാഡംബരത്വം മുതലായ വിശിഷ്ടഗുണങ്ങളെ പ്രകാശിപ്പിക്കുന്നവയുമായ പന്ത്രണ്ടു മനോഹരകഥകൾ 'കഥാചന്ദ്രിക'യിൽ അടങ്ങിയിരിക്കുന്നു. മനുഷ്യസ്വഭാവത്തിന്റെ മോഹനവശങ്ങളെക്കുറിച്ചു് ബാലമനസ്സിൽ ആദരവുണ്ടാക്കുന്നതിനു് ഈ കഥകൾ പര്യാപ്തങ്ങളാണു്. ഭാഷയുടെ ലാളിത്യം, പ്രതിപാദനശുദ്ധി, എന്നിവ എല്ലാ കഥകളിലും ഒരുപോലെ സ്പഷ്ടമാണു്. യുവാവായ ഗ്രന്ഥകാരന്റെ ഈ സ്തുത്യർഹമായ ശ്രമം സഫലമായിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. അദ്ദേഹത്തിനു് സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

എം. ആർ. ബാലകൃഷ്ണവാര്യർ
*Asst. Professor of English,*
*College of Science.*

തിരുവനന്തപുരം,
15–10–114

## മുഖവുര

ആദർശപരങ്ങളായ ജീവിതചര്യകളിൽ കുട്ടി-ബാലഹൃദയങ്ങളെ നയിക്കുന്നതു് അവരുടെ ഭാവിജീവിതം ഉത്തരോത്തരമാകുന്നതിനു കാരണമാകുമെന്നുള്ള ഏക ചിന്തയാണു് എന്നെ ഈ കഥകൾ രചിക്കുന്നതിനു പ്രേരിപ്പിച്ചിട്ടുള്ളതു്. പ്രസ്തുത പുസ്തകത്തിൽ കാണുന്ന കഥകളിൽ ചിലതു് ഞാൻ തൃശ്ശൂർ സെൻറു് തോമസ്സ് കാളേജിൽ പഠിച്ചു താമസിച്ചിരുന്നകാലത്തു് എഴുതിയതും പിന്നീടു ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചവയുമാണു്. ബാലികാബാലന്മാരുടെ സ്വഭാവരൂപവൽകരണത്തിനു ഈ കഥകൾ പ്രയോജകീഭവിക്കുമെങ്കിൽ അതില്പരമായ ഒരു ചാരിതാർത്ഥ്യം എനിക്കുണ്ടാകുവാനില്ല.

ഈ ചെറുകൃതിയെ അവതരിപ്പിച്ചിട്ടുള്ള പണ്ഡിതവര്യനും, സാഹിത്യരസികനും, പ്രശസ്തഗ്രന്ഥകർത്താവുമായ ശ്രീ. എം. ആർ. ബാലകൃഷ്ണവാര്യർ അവർകൾ എം. എ. യോടും ഈ സാഹിത്യപരിശ്രമത്തിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ള മററു മാന്യസുഹൃത്തുക്കളോടും എൻെറ നിർവ്യാജമായ കൃതജ്ഞത ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം }
15-10-114. }

ഗ്രന്ഥകർത്താവു്.

# വിഷയക്രമം


| | | | പുറം |
|---|---|---|---|
| 1. | പശ്ചാത്താപം | ... | 1 |
| 2. | വിദ്യാസാഗരനും യുവാവും | ... | 7 |
| 3. | മേല്പത്തൂരും പൂന്താനവും | ... | 12 |
| 4. | പുത്രവാത്സല്യം | ... | 17 |
| 5. | കുഷ്ഠരോഗികളുടെ ബന്ധു | ... | 22 |
| 6. | സ്വരാജ്യസ്നേഹം | ... | 29 |
| 7. | ദാനത്തിന്റെ പ്രതിഫലം | ... | 34 |
| 8. | മീവാറിലെ പ്രതാപസൂര്യൻ | ... | 39 |
| 9. | സമയത്തിന്റെ വില | ... | 48 |
| 10. | ആത്മത്യാഗം | ... | 53 |
| 11. | ദിവ്യനായ യാചകൻ | ... | 60 |
| 12. | പ്രത്യുപകാരം | ... | 64 |

# കഥാചന്ദ്രിക

## 1. പശ്ചാത്താപം

മഹാകവിയും പണ്ഡിതാഗ്രേസരനുമായ ഡാക്ടർ ജാൺസന്റെ നാമശ്രവണമാത്രയിൽ ആനന്ദപുളകാഞ്ചിതരാകാത്ത ഇംഗ്ലീഷ്ഭാഷാപരിജ്ഞാനികൾ ആരെങ്കിലും കാണുമോ എന്നു സംശയമാണു്. നിഘണ്ടുകർത്താവെന്നനിലയിൽ ആംഗലസാഹിത്യത്തിനു് അദ്ദേഹം ചെയ്തിട്ടുള്ള മഹനീയസേവനങ്ങളെ ഒരു കാലത്തും മായ്ക്കുവാനോ മറയ്ക്കുവാനോ സാധിക്കുന്നതല്ല.

ഡാക്ടർ ജാൺസന്റെ പിതാവായ മൈക്കൽ ജാൺസൻ ഇംഗ്ലണ്ടിൽ ലിച്ച്ഫീൽഡിലെ ഒരു പുസ്തകവ്യാപാരിയായിരുന്നു. ഒരു കാലത്തു വളരെ ധനികനും, ഇംഗ്ലണ്ടിലെ ബഹുമാന്യരിൽ ഒരാളുമായിരുന്ന അദ്ദേഹം വിധിവൈപരീത്യത്താൽ ദാരിദ്ര്യക്കുണ്ടിൽ നിപതിച്ചു.

ഒപ്പോയി. വാർദ്ധക്യത്താൽ ജരാനരകൾ ബാധിച്ചു ശരിയായി നടക്കുവാൻകഴിഞ്ഞിരുന്നില്ലെങ്കിലും, ദിവസവും രാവിലെ ഒരുകെട്ടു പുസ്തകവുമായി ചന്തയിൽപോയി വ്യാപാരം ചെയ്തു ലഭിക്കുന്ന അല്പലാഭംകൊണ്ടു് പ്രേമഭാജനത്തേയും വാത്സല്യസന്താനത്തേയും സംരക്ഷിക്കുന്നതിൽ അദ്ദേഹം അത്യുൽസുകനായി കാണപ്പെട്ടു. അസഹനീയമായ ക്ഷീണത്താൽ ഒരു ദിവസം അദ്ദേഹം സ്വപുത്രനായ സാമുവൽ ജാൺസനോടു പറഞ്ഞു. "സാം, എനിക്കു് ഇന്നു തീരെ സുഖമില്ല. നീ ചന്തയിൽ പോയി എനിക്കു പകരം പുസ്തകവ്യാപാരം നടത്തണം."

"അച്ഛാ! ഇപ്പോൾ എനിക്കതിനു നിവൃത്തിയില്ല." സ്നേഹമൂർത്തിയായ പിതാവിനോടു ഇങ്ങനെ പ്രതിവചിക്കാനാണു് അഭിമാനിയായ 'സാമിനു് അപ്പോൾ തോന്നിയതു്.

മൈക്കലിന്റെ ഹൃദയം വികാരതരളിതമായി. അദ്ദേഹം ഇങ്ങനെ ഒരു മറുപടി 'സാമിൽ നിന്നു് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ബാഷ്പകലുഷിതമായ നേത്രങ്ങളോടുകൂടി പുത്രന്റെ മുഖത്തു സൂക്ഷിച്ചുനോക്കി ദീനസ്വരത്തിൽ അദ്ദേഹം പറഞ്ഞു. "എനിക്കു പകരം ചന്തയിൽ പോകാൻ നീ വിസമ്മതിക്കുന്നതു നിരർത്ഥകമായ അന്തസ്സുകൊണ്ടാണു്. അതിന്റെ ഫലം, എന്റെ മരണശേഷം നീ അറിയാതിരിക്കുകയില്ല." അനന്തരം അദ്ദേഹം പുസ്തകക്കെട്ടും ചുമലിൽ 'ഭേസി ചന്തയിലേക്കു

പുറപ്പെട്ടു. ഭാരം താങ്ങാൻ ശക്തനല്ലാതെ നടന്നു പോകുന്ന അപ്പന്റെ ദയനീയ രൂപം ആ ബാലൻ നിർന്നിമേഷനായി നോക്കിനിന്നു.

സാമുവൽ ജാൺസന്റെ ഹൃദയം വല്ലാതെ തപിച്ചു. ആ വ്യാപാരകേന്ദ്രത്തിലെ ജനബഹളവും, അതിനിടയ്ക്കു പുരോഭാഗത്തിൽ വിശിഷ്ടഗ്രന്ഥങ്ങൾ നിരത്തിവച്ചുകൊണ്ടുള്ള പിതാവിന്റെ നിലയും, പുസ്തകം വാങ്ങാനായി വരുന്ന പലതരക്കാരായ ആളുകളോട് അദ്ദേഹം ചെയ്യുന്ന നയപൂർവമായ മധുരഭാഷണവും, സർവ്വോപരി നഭോമധ്യസ്ഥനായ വിവസ്വാന്റെ തീക്ഷ്ണ കിരണങ്ങളേററും, വിശപ്പും ദാഹവും നിമിത്തവും അദ്ദേഹത്തിനുണ്ടാകുന്ന തളർച്ചയും, ഓരോന്നായി ആ യുവാവിന്റെ ഹൃദയമുകുരത്തിൽ സ്ഥലം പിടിച്ചു.

"കഷ്ടം!" സാം, ചിന്തിക്കുവാൻ തുടങ്ങി. "അപ്പന്റെ ഹൃദയം എത്രമാത്രം വ്യാകുലപ്പെട്ടിരിക്കണം. എനിക്ക് അതിൽ അനല്പമായ കുണ്ഠിതമുണ്ട്".

'സാം' തൽക്ഷണം ഓടി മാതൃസവിധത്തിലെത്തി. പാചകവൃത്തിയിലേർപ്പെട്ടിരുന്ന മാതാവ്, പിതാവും പുത്രനും തമ്മിലുണ്ടായ സംഭാഷണത്തെപ്പററി യാതൊന്നും അറിഞ്ഞിരുന്നില്ല.

"അമ്മേ", സാം ഗൽഗദസ്വരത്തിൽ ചോദിച്ചു. "അപ്പന് ഇന്നു തീരെ സുഖമില്ലേ?"

"അതെ, മകനെ." നീയുടെ കൂടേറെ വിയത്തോലിക്കുന്ന മുഖത്തോടുകൂടി മാതാവു് വാത്സല്യപുരസ്സരം പറഞ്ഞു. "അപ്പനു് ഇന്നു് ഒട്ടും സുഖമില്ല. അദ്ദേഹം നിന്നെ ചന്തയിൽ അയക്കാത്തതു് വളരെ അത്ഭുതം തന്നെ. ഇന്നു് നീ അവിടെപ്പോയി വില്പന നടത്തിയിരുന്നു എങ്കിൽ എത്ര ആനന്ദവും ആശ്വാസവും അദ്ദേഹത്തിനുണ്ടാകുമായിരുന്നു!"

സാമുവൽ ജാൺസൻ അതിനു പ്രത്യുത്തരം ഒന്നും നല്കിയില്ല. വ്യഥിതമായ ഹൃദയത്തോടും, അശ്രുപൂർണ്ണമായ നേത്രങ്ങളോടും, വാടിക്കരിഞ്ഞ വദനത്തോടും, അവിടെ നിന്നു പിന്തിരിഞ്ഞു നടന്നു. ദാരിദ്ര്യത്തിലാണെങ്കിലും, ഉൽകൃഷ്ടകുലജാതന്മാരെപ്പോലെയാണു്. സാമിനെ മാതാപിതാക്കന്മാർ വളർത്തിവന്നതു്. പക്ഷെ ആ ബാലൻ അഭിമാനാവേശത്താൽ ചന്തസ്ഥലത്തു പോയി അപ്പന്റെ പാദത്തിൽ വീണു ക്ഷമാപണം ചെയ്യുവാൻ ഒരുമ്പെട്ടില്ല.

അന്ധകാരം ദിക്കെങ്ങും വ്യാപിച്ചു. മൈക്കൽ ജാൺസൻ വീട്ടിലേക്കു മടങ്ങി. അദ്ദേഹം പുത്രന്റെ അനുസരണക്കേടിനെപ്പററി യാതൊന്നും സംസാരിച്ചില്ല.

വസന്തങ്ങൾ പലതു് അപ്രതിഹതമായ കാലയൊഴുക്കിൽപ്പെട്ടു തിരോഭവിച്ചു. പുസ്തകവ്യാപാരിയായിരുന്ന മൈക്കൽ ജാൺസനും കാലതിരസ്കരണിക്കുള്ളിൽ മറഞ്ഞു.

സ്വതസ്സിദ്ധമായ രസികത്വം, ഭാവനാശക്തി, ബുദ്ധിമാഹാത്മ്യം മുതലായ വിശിഷ്ടഗുണങ്ങളാൽ സാമുവൽ ജാൺസൻ വളരെ പ്രഖ്യാതനായിത്തീൎന്നു. അദ്ദേഹത്തിന്റെ കവനകലാപാടവവും, അനിതരസാധാരണമായ ബുദ്ധിശക്തിയും ഏവരുടേയും പ്രശംസയ്ക്കു് പാത്രീഭവിച്ചു. എന്നാൽ ദാരിദ്ര്യത്തിലും, ഉന്നമനത്തിലും എന്നുവേണ്ട സ്വപ്നാവസ്ഥയിൽ പോലും പരേതനായ പിതാവിനോടു കാണിച്ച അവിധേയത്വം അദ്ദേഹത്തിന്റെ ഹൃദയത്തെ ക്ഷതപ്പെടുത്തിക്കൊണ്ടിരുന്നു.

അമ്പതു സംവത്സരങ്ങൾ ശീഘ്രഗതിയിൽ പാഞ്ഞുപോയി. "അട്ടോസെററിലെ" ദേവാലയത്തിനടുത്തുള്ള ചന്തസ്ഥലം അന്നൊരു ദിവസം വിവിധതരത്തിലുള്ള നിരവധി ആളുകളാൽ നിബിഡമായിരുന്നു. ആ പുരാതന ദേവാലയത്തിലെ മണിനാദം മദ്ധ്യാഹ്ന സമയം കുറിച്ചു. ആളുകളുടെ മദ്ധ്യത്തിൽകൂടി തടിച്ചു പൊക്കം കൂടിയ ഒരു വൃദ്ധനായ മാന്യൻ കടന്നുവന്നു. "അതെ ഇതുതന്നെ ആ സ്ഥലം" എന്നുച്ചരിച്ചുകൊണ്ടു് തലയിൽ ധരിച്ചിരുന്ന തൊപ്പി മാററി നിരുന്മേഷനായി അവിടെ അദ്ദേഹം നിലകൊണ്ടു. ദേവാലയത്തിലെ മണി പന്ത്രണ്ടു പ്രാവശ്യം അടിച്ചു. ശോകസങ്കലിതമായ ആ നാദം കാററിൽ ലയിച്ചു് എങ്ങോ പോയി മറഞ്ഞു. അദ്ദേഹത്തിന്റെ മൂൎദ്ധാവിൽ മദ്ധ്യാഹ്നസൂൎയ്യന്റെ ഉഷ്ണകിരണങ്ങൾ പതിച്ചു. ചിലപ്പോൾ അദ്ദേഹം ധ്യാനതല്പരനായും കാണപ്പെട്ടു. അനന്തരം ധാരമുറിയാതെ ചൊരിഞ്ഞ മാരി

കൂസൽ കൂടാതെ നില്ക്കുവാൻ തുടങ്ങി. മഴയും വെയിലും ഏല്ക്കാതെ ദേവാലയത്തിൽ നില്ക്കുവാൻ ധാരാളം സൌകര്യമുണ്ടായിരുന്നിട്ടും അദ്ദേഹം അതിന്നു സന്നദ്ധനായില്ല. കാണികൾ അത്ഭുതപരവശരായി നോക്കിനിന്നു.

"ആ മാന്യൻ ആരാണെന്നറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ട്, ഇല്ലേ?" ഒരു ഗ്രാമീണൻ അയാളുടെ സ്നേഹിതരോടു പറഞ്ഞു. "അദ്ദേഹമാണു് പണ്ഡിതാഗ്രേസരനായ സാമുവൽ ജാൺസൻ."

അതെ; സുപ്രസിദ്ധ ആംഗല സാഹിത്യകാരനായ ഡാക്ടർ സാമുവൽ ജാൺസനായിരുന്നു ആ വൃദ്ധനായ ദേഹം. അന്ന് അദ്ദേഹം സാഹിത്യ സൽകീർത്തിയുടെ അത്യുച്ചസ്ഥാനത്ത് എത്തിച്ചേർന്നിരുന്നു. പിതാവിനെ സഹായിക്കാതെയും, അദ്ദേഹത്തെ അനുസരിക്കാതെയും ഇരുന്നതിന്നു പ്രായശ്ചിത്തമായിട്ടാണു് വാർദ്ധക്യം പ്രാപിച്ചിട്ടും ചന്തസ്ഥലത്തുപോയി നില്ക്കുവാൻ അദ്ദേഹം നിശ്ചയിച്ചതു്. എങ്കിലും അന്തഃകരണത്തിൻെറ അങ്ങേഅററത്തോളം തുളച്ചുകയറുന്ന പിതാവിൻെറ ആ ദയനീയ നോട്ടം ആ സന്ദർഭത്തിലും അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടുതന്നെയിരുന്നു.

# 2. വിദ്യാസാഗരനും യുവാവും

ഈശ്വരചന്ദ്രവിദ്യാസാഗരന്റെ നാമധേയം ശ്രവിക്കാത്തവർ ഇന്നു ഭാരതത്തിൽ അധികം ഉണ്ടായിരിക്കുകയില്ല. അത്യുത്തമനായ ഒരു മാതൃകാദ്ധ്യാപകൻ, സമുദായ പരിഷ്കാരി, ഭാഷാപ്രണയി, സ്ത്രീജനോദ്ധാരകൻ, ഉദാരശീലൻ എന്നു തുടങ്ങി വിവിധ നിലകളിൽ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള മഹനീയ സേവനങ്ങൾക്കു ഭാരതം എന്നും അദ്ദേഹത്തോടു കടപ്പെട്ടിരിക്കും.

വിദ്യാസാഗരന്റെ ജനനം 1820-ൽ മിഡ്നപ്പൂർ ജില്ലയിൽ ഉൾപ്പെട്ട ബെർസിംഹ എന്ന ഒരു കുഗ്രാമത്തിലെ ഒരു ദരിദ്ര ബ്രാഹ്മണകുടുംബത്തിലായിരുന്നു. തക്കൂർദാസ് എന്നായിരുന്നു അദ്ദേഹത്തിന്റെ അച്ഛന്റെ നാമധേയം. പിതാവ് സന്യാസപദം അലങ്കരിച്ചതിനാൽ തക്കൂർദാസ് മാതാവിന്റെ സംരക്ഷണയിലാണ് വളർന്നുവന്നതു്. പതിനഞ്ചു വയസ്സ് പ്രായമായപ്പോൾ കാലക്ഷേപമാർഗ്ഗമാരാഞ്ഞു തക്കൂർ കൽക്കത്തയിലേക്കു പുറപ്പെട്ടു. ആഹാരമില്ലാത്ത ദിനങ്ങളും ഉറക്കമില്ലാത്ത രാത്രികളും അദ്ദേഹത്തിന്റെ ജീവിതത്തിൽ അനവധിയായിരുന്നു. വളരെക്കാലത്തെ നിരന്തരശ്രമത്താൽ അദ്ദേഹത്തിനു തുച്ഛമായ ഒരു തുക ശമ്പളം ലഭിച്ചു. എങ്കിലും ഒരു ചെറുകുടുംബത്തെ സംരക്ഷിക്കുവാൻ അതു് ഒട്ടും പര്യാ-

ച്ചമായിരുന്നില്ല. അക്കാലത്തായിരുന്നു വിദ്യാസാഗരന്റെ ജനനം.

അദ്ഭുതാവഹമായ ബുദ്ധിശക്തി, ജ്ഞാനസമ്പാദനത്തിലുള്ള തൃഷ്ണ, നിരാഡംബരമായജീവിതം, സർവ്വോപരി ആകർഷണീയമായ വിനയം എന്നിത്യാദി സൽഗുണങ്ങളാൽ വിദ്യാസാഗരൻ എല്ലാവരുടേയും പ്രീതിബഹുമാനങ്ങൾക്ക പാത്രീഭൂതനായി. സംസ്കൃതം, ഇംഗ്ലീഷ്, ബംഗാളി മുതലായ ഭാഷകളിൽ ബാല്യത്തിലേ തന്നെ അദ്ദേഹം അസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചു. പതിന്നാലാമത്തെ വയസ്സിൽ സ്വസമുദായത്തിൽനിന്നും ഒരു കന്യകയെ അദ്ദേഹം വിവാഹം ചെയ്തു.

പഠിത്തം പൂർത്തിയായതോടുകൂടി അദ്ദേഹത്തിന് ഫോർട്ട് വില്യംകാളേജിൽ ഒരു ഉദ്യോഗം ലഭിച്ചു. അനന്തരം അദ്ദേഹം ബംഗാളിലെ ഒരു സ്കൂൾ ഇൻസ്പെക്ടരായി നിയമിതനായി. ഗ്രാമീണരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിക്കുന്നതിന്ന അദ്ദേഹം വളരെ പരിശ്രമിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ മേലധികാരികളുടെ പെരുമാററത്തെ പ്രതിഷേധിച്ച് അദ്ദേഹം ഉദ്യോഗം ഉപേക്ഷിച്ചു. അതിന്ന ശേഷം അദ്ദേഹത്തിന്റെ ജീവിതം പുസ്തകരചനയിലും, പത്രപ്രവർത്തനത്തിലും, സാമുദായിക പരിഷ്ക്കരണങ്ങളിലും വ്യാപരിക്കപ്പെട്ടു. 1891-ൽ എഴുപത്തിഒന്നാമത്തെ വയസ്സിൽ അദ്ദേഹം ദിവംഗതനായി. വിദ്യാസാഗരന്റെ ആഡംബരരഹിത

മായ ജീവിതം, ഔദാൎയ്യം, വിനയം മുതലായ സ്വഭാവഗുണ ങ്ങൾക്കു ദൃഷ്ടാന്തങ്ങളായി പല കഥകൾ ഉണ്ടു്. അവയിൽ ഒന്നാണു് താഴെ കുറിക്കുന്നതു്.

ഹൌറാ റെയിൽവേസ്റ്റേഷൻ അന്നൊരു ദിവസം അസാധാരണമായ ആൾത്തിരക്കുകൊണ്ടു് ആരെയും ആ കർഷിച്ചു. വിദ്യാൎത്ഥികൾ, ഉദ്യോഗസ്ഥന്മാർ, വ്യവസായി കൾ തുടങ്ങി പലതരത്തിലുള്ള ആളുകൾ ഓരോ ആവ ശ്യങ്ങൾക്കായി അവിടെ സന്നിഹിതരായി. അപ്പോൾ യൂറോപ്യൻ രീതിയിൽ വസ്ത്രധാരണം ചെയ്ത പരിഷ്കാ രിയായ ഒരു വിദ്യാൎത്ഥി തീവണ്ടിയിൽനിന്നു സ്റ്റേഷനിൽ ഇറങ്ങി. അയാളുടെ പക്കൽ ഒരു ചെറിയ തുകൽ പ്പെട്ടി ഉണ്ടായിരുന്നു. അതു ചുമന്നുകൊണ്ടു റോഡുനീളെ നടക്കുന്നതു് തന്റെ വിദ്യാഭ്യാസത്തിനും അഭിമാനത്തി നും യോജിച്ചതല്ലെന്നു ധരിച്ചു് ആ യുവാവു് ഒരു കൂ ലിക്കാരനെ അന്വേഷിച്ചുനടന്നു. എന്നാൽ അന്നത്തെ ആ ബദ്ധപ്പാടിൽ ഒരു കൂലിക്കാരനെ കിട്ടുന്ന കാൎയ്യം അത്ര എളുപ്പമായിരുന്നില്ല. യുവാവു് വല്ലാതെ കുഴങ്ങി. അയാൾ ചുററുപാടും നോക്കി. അപ്പോൾ വൃദ്ധനും എ ന്നാൽ കാഴ്ചയിൽ അപരിഷ്കൃതനെന്നു തോന്നുന്നവനുമായ ഒരാൾ ഒരു തൂണിൽ ചാരി ഒരററത്തു് ഒഴിഞ്ഞു നിൽക്കു ന്നതു യുവാവു് കണ്ടു. തൽക്ഷണം അയാൾ വൃദ്ധന്റെ സമീപം ചെന്നു് സങ്കോചംകൂടാതെ ചോദിച്ചു. "ഹേ ഈ തുകൽപ്പെട്ടി എന്റെ വീടുവരെ കൊണ്ടുതരാമോ? ന്യായമായ കൂലിതരാം".

"വൃദ്ധൻ സവിനയം പറഞ്ഞു." സാർ, ക്ഷമിക്കണം. ഈ തുകൽപ്പെട്ടി അത്ര ഭാരമുള്ളതല്ലല്ലോ. ഒരു കൂലിക്കാരൻ ഇതിനു് ആവശ്യമുണ്ടോ?"

"അതു് എൻെറ ഇഷ്ടം." യുവാവു് സ്വരം ഉയർത്തി പറഞ്ഞു. "ഞാൻ ശരിയായ കൂലി തരാമെന്നു പറഞ്ഞില്ലേ? പെട്ടി എടുക്കൂ"

വൃദ്ധൻ തുകൽ പെട്ടിയുമെടുത്തു് യുവാവിൻെറ പിന്നാലെ പോയി. പതിനഞ്ചു മിനിട്ടുനേരത്തെ നടകൊണ്ടു് അവർ ഇരുവരും ഗൃഹത്തിലെത്തി. കൂലി കൊടുക്കുവാൻ യുവാവു് പേഴ്സ് എടുത്തു. അതിൽ ചില്ലറ നാണയങ്ങളില്ലെന്നറിഞ്ഞു് ശീഘ്രം അകത്തേയ്ക്കു പോയി ഒരു നാണയവുമായി മടങ്ങിവന്നു. പക്ഷേ, ആ ചുമട്ടുകാരനെ അവിടെ എങ്ങും കാണ്മാനുണ്ടായിരുന്നില്ല.

അടുത്ത ദിവസം സായാഹ്നത്തിൽ ഈശ്വരചന്ദ്രവിദ്യാസാഗരനു് ഒരു മംഗളപത്രം നല്കുവാൻ തദ്ദേശീയർ ഉദ്ദേശിച്ചിരുന്നു. ആ മഹായോഗത്തിൽ യുവാവും സന്നിഹിതനായിരുന്നു. പ്രസംഗവേദി ഈശ്വരചന്ദ്രവിദ്യാസാഗരനാൽ അലങ്കരിക്കപ്പെട്ടു. തലേദിവസം പെട്ടി ചുമന്ന വൃദ്ധൻ അവിടെ ഒരു മാന്യാതിഥിയായി ഇരിക്കുന്നതു കണ്ടപ്പോൾ യുവാവു് ലജ്ജാവിവശനായി. വിദ്യാസാഗരൻ എഴുന്നേററു് സ്വതസിദ്ധമായ ആശയങ്ങളാലും, വാൿധോരണിയാലും അവിടെ സന്നിഹിതരായി

ഷന്നവരെ ആനന്ദപുളകിതരാക്കി. അപ്പോഴാണു് തൻെറ മൌഢ്യം ആ യുവാവിനു മനസ്സിലായതു്.

പ്രസംഗം അവസാനിച്ചു. ആളുകൾ വിദ്യാസാഗരൻെറ പദസ്വാധീനതയേയും വാഗ്വിലാസത്തേയും പററി കീത്തിച്ചുകൊണ്ടു നടന്നുപോയി. എന്നാൽ ഒരു യുവാവു് ആളുകളെ തള്ളിമാററിക്കൊണ്ടു വിദ്യാസാഗരനെ സമീപിച്ചു. യുവാവു് അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു് കേണപേക്ഷിച്ചു. "വന്ദ്യഗുരുദേവാ! ആലോചനാരഹിതമായ എൻെറ പ്രവൃത്തിക്കു് മാപ്പുതന്നു അങ്ങു് എന്നെ ആശീർവദിച്ചാലും".

വിദ്യാസാഗരൻ യുവാവിനെ പിടിച്ചെഴുന്നേല്പിച്ചിട്ടു പറഞ്ഞു. "നിരത്ഥകമായ അഭിമാനം നമ്മുടെ യുവാക്കന്മാർക്കു് ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. ആ ചെറിയ തുകൽപ്പെട്ടിയുടെ ഭാരം താങ്ങാൻ ശക്തനല്ലാത്ത നിങ്ങൾക്കു ഭാവിയിൽ കുടുംബത്തിനും, സമുദായത്തിനും രാഷ്ട്രത്തിനും വേണ്ടി എന്തുചെയ്യുവാൻ സാധിക്കും? നിങ്ങളെപ്പോലുള്ള യുവാക്കന്മാർക്കു് ഇതൊരു പാഠമായി ഭവിക്കട്ടെ"

വിശ്വവിശ്രുതനായിത്തീന്നിരുന്ന വിദ്യാസാഗരൻ ആ യുവാവിനെ അനുഗ്രഹിച്ചു. ആത്മനിർവൃതിയോടുകൂടി ഇരുവരും പിരിഞ്ഞു.

## 3. മേല്പത്തൂരും പൂന്താനവും

മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാടും, പൂന്താനം നമ്പൂതിരിയും കേരളീയക്ക് സുപരിചിതരായ രണ്ടു മഹാകവികളാണ്. പൂന്താനം "പൂന്തേനാം പലകാവ്യം കണ്ണനു നിവേദിച്ച" പരമഭാഗവതനായ ഒരു മലയാള കവിയും, മേല്പത്തൂർ "ആയിരം സുസംസ്കൃതശ്ലോക പുഷ്പത്താൽ" ഗുരുവായൂരപ്പനെ ഭജിച്ച് ആരോഗ്യം സമ്പാദിച്ച ഒരു സംസ്കൃത കവീശ്വരനും ആയിരുന്നു. സമകാലികരായിരുന്ന ഈ രണ്ടു മഹാന്മാരുടേയും ഭക്തിപാരവശ്യത്തെ ഉദാഹരിക്കുന്ന പല ഐതിഹ്യങ്ങളുമുണ്ട്.

വള്ളുവനാട്ടു താലൂക്കിൽ, കൊല്ലവർഷം എട്ടാം ശതകത്തിൻെറ ആദിഘട്ടത്തിലായിരുന്നു പൂന്താനത്തിൻെറ ജനനം. അദ്ദേഹം ബാല്യത്തിൽതന്നെ അതിവിശിഷ്ടനായ ഒരു ഭക്തനായിത്തീർന്നു. ഭക്തിരസപ്രധാനങ്ങളായ അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സന്താനഗോപാലം പാട്ട് രചിച്ചപ്പോൾ വൈകുണ്ഠത്തെ എങ്ങനെ വർണ്ണിക്കേണ്ടു എന്നാലോചിച്ച് അദ്ദേഹം അർദ്ധനിദ്രാവശനായതായും അപ്പോൾ മഹാവിഷ്ണു സ്വപ്നത്തിൽ വൈകുണ്ഠം കാണിച്ചുകൊടുത്തതനുസരിച്ചു വർണ്ണിച്ചതായും പറയപ്പെടുന്നു. എന്തായാലും വൈകുണ്ഠ

വർണ്ണനയ്ക്കും അസാമാന്യമായ ഭംഗിയും, തന്മയത്വവും സിദ്ധിച്ചിട്ടുണ്ടു്. ശ്രീകൃഷ്ണകർണ്ണാമൃതം, ജ്ഞാനപ്പാന, സന്താനഗോപാലം മുതലായവയാണു് പൂന്താനത്തിന്റെ പ്രധാന കൃതികൾ. ഒന്നാമത്തേതു് കൃഷ്ണാവതാര കഥയെ സ്തോത്രരൂപേണ വർണ്ണിക്കുന്ന ഒരു സരസ കാവ്യവും, രണ്ടാമത്തേതു് പുത്രദുഃഖത്തിനധീനമായ ഹൃദയത്തെ സാന്ത്വനം ചെയ്യുന്നതിനായി രചിച്ച കാവ്യവുമാകുന്നു്.

നാരായണഭട്ടതിരിപ്പാടിന്റെ ജനനത്താൽ പവിത്രമായ മേല്പത്തൂരില്ലം സ്ഥിതിചെയ്യുന്നതു് ഭാരതപ്പുഴയുടെ വടക്കേക്കരയിലുള്ള തിരുനാവായക്ഷേത്രത്തിനടുത്താണു്.

അദ്ദേഹത്തിന്റെ വകയായി രാജസൂയം, പാഞ്ചാലീസ്വയംവരം തുടങ്ങി അനേകം കൃതികൾ ഉണ്ടെങ്കിലും അവയിലെല്ലാറ്റിലുംവെച്ചു് ശ്രേഷ്ഠം നാരായണീയമാകുന്നു. അതിഭയങ്കരമായ രോഗക്ലേശമനുഭവിച്ചിരുന്ന കവി, തന്നിവാരണാർത്ഥം പല ചികിത്സകളും ചെയ്തുനോക്കി. അദ്ദേഹത്തിന്റെ രോഗത്തിനു യാതൊരു ശാന്തിയും ലഭിച്ചില്ല. ആശാരഹിതനായിത്തീർന്ന അദ്ദേഹം ഒടുവിൽ ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനമിരിക്കുകയും, അഞ്ചാമത്തെ ദശകം മുതൽ ഭഗവത്കഥ എഴുതുകയും ചെയ്തു. ഓരോ ദശകത്തിന്റെയും അവസാനത്തിൽ കവി രോഗശാന്തിക്കായി ശ്രീകൃഷ്ണനോടു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുന്നതായിട്ട നമു

ക്ക കാണാം. അങ്ങനെ കവിയുടെ ഹൃദയം പൊട്ടി പുറപ്പെട്ട ഭക്തിരസം തൂകുന്ന മധുരഗാനത്തിൽ ആലീനനായ ഗുരുവായൂരപ്പൻ പ്രത്യക്ഷനായി, അദ്ദേഹത്തെ അനുഗ്രഹിച്ച് രോഗവിമുക്തനാക്കിപോലും.

പൂന്താനത്തേയും, മേല്പത്തൂരിനേയും പററിയുള്ള ഒരു കഥയാണ് താഴെ വിവരിക്കുന്നത്.

മൂവന്തിനേരത്തെ മങ്ങിയ പ്രകാശം ദിക്കെങ്ങും വ്യാപരിച്ചു. സുപ്രസിദ്ധമായ ഗുരുവായൂർ ക്ഷേത്രത്തിൽ ദീപാരാധനയ്ക്കുള്ള സമയം ആസന്നമായി. ക്ഷേത്രവും പരിസരങ്ങളും ദീപാവലികളാൽ പ്രശോഭിച്ചു. ശ്രീകോവിൽ നട തുറന്നു. ഗുരുവായൂർ ക്ഷേത്രം ദേവലോകംപോലെ കാണപ്പെട്ടു. ഭക്തിപരവശരായ അനവധി ആളുകൾ ശ്വാസോച്ഛ്വാസംപോലും അടക്കി. സച്ചിന്മയനിൽ മാത്രം ഹൃദയമുറപ്പിച്ച് നിശ്ചേഷ്ടരായി നിലകൊണ്ടു. മണിനാദങ്ങൾ മുഴങ്ങി. അതിനോടൊപ്പം ഭക്തിദ്യോതകങ്ങളായ ഈശ്വരനാമകീർത്തനങ്ങളും അംബരത്തേക്കുയന്നു.

ക്ഷേത്രമണ്ഡപത്തിൽനിന്നും മഹാനായ മേല്പത്തൂർ ഭട്ടതിരിപ്പാട് പുറത്തേയ്ക്കുവന്നു പ്രദക്ഷിണം വയ്ക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശരീരം ഭഗവൽപ്രസാദത്താലങ്കിതമായിരുന്നു. വിനീതനായി അദ്ദേഹത്തിന്റെ പിന്നാലെ പൂന്താനം നമ്പൂരിയും നടകൊണ്ടു. പൂന്താനം

വിനയപുരസ്സരം മേല്പത്തൂരിനോടു പറഞ്ഞു. "മഹാത്മൻ! ഭാഷയിൽ രചിച്ചിട്ടുള്ള എൻെറ കൃഷ്ണകർണ്ണാമൃതം പരിശോധിച്ചുതരുവാൻ കീൎത്തിമാനായ അവിടത്തേയ്ക്കു ദയയുണ്ടാകുമോ. എൻെറ അഭിലാഷം സഫലമായാൽ ഞാൻ കൃതാൎത്ഥനായി."

മേല്പത്തൂർ ഭട്ടതിരിപ്പാടിന്റെ നെറ്റി ചുളിഞ്ഞു. അദ്ദേഹം അവജ്ഞയോടുകൂടി പറഞ്ഞു. "മലയാളത്തിലാണെങ്കിൽ ആ കൃതി വേറെ ആരെയെങ്കിലും കൊണ്ടു പരിശോധിപ്പിക്കുക". ഈ വിധം പൂന്താനത്തിൻെറ അപേക്ഷ നിരസിക്കുവാനാണു് അദ്ദേഹത്തിനു തോന്നിയതു്. നിരാശാമഗ്നനായി വ്യഥിതഹൃദയത്തോടുകൂടി പൂന്താനം ഗൃഹം പൂകി.

ഭട്ടതിരിപ്പാട്ടിലേയ്ക്കു് അന്നുരാത്രി നിദ്രയുണ്ടായതേയില്ല. ശമിച്ചിരുന്ന വാതരോഗം വീണ്ടും ആ രാത്രിയിൽ അദ്ദേഹത്തെ ബാധിച്ചു. അസഹനീയമായ വേദനയോടുകൂടി ശയ്യയിൽ കിടന്നു് അദ്ദേഹം, "കൃഷ്ണാ! ഹരേ! മുകുന്ദാ! ജനാർദ്ദനാ! എൻെറ രോഗത്തിനു ശമനം നൽകേണമേ" എന്നുള്ള പ്രാൎത്ഥനയാൽ ഉരുണ്ടും, പിരണ്ടും ദീർഘനേരം കഴിച്ചുകൂട്ടി. പിന്നീടു് ക്ഷീണഹൃദയനായി അല്പം ഒന്നു മയങ്ങി. അപ്പോൾ കോമളകളേബരനായ ഒരു കുമാരൻ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷനായി, മേല്പത്തൂരിൻെറ ശ്രവണേന്ദ്രിയങ്ങളിൽ ഇപ്രകാരം അമൃതവചനം പൊഴിച്ചു. "എൻെറ കാരുണ്യം വേണമെങ്കിൽ

ഭക്താഗ്രേസരനായ പൂന്താനത്തിൻെറ കവിത പരിശോധിച്ചു സന്തോഷിപ്പിക്കുക". മേല്പത്തൂർ കണ്ണുകൾ തുറന്നു. ആ ക്ഷണത്തിൽ തന്നെ അദ്ദേഹം പൂന്താനത്തിനെ ആളയച്ചു വരുത്തി അദ്ദേഹത്തിന്റെ കവിത പരിശോധിച്ചുകൊടുത്തു. കൃഷ്ണാവതാരകഥയെ സ്തോത്രരൂപേണ വർണ്ണിക്കുന്ന ശ്രീകൃഷ്ണകർണ്ണാമൃതത്തിന്റെ ഓരോ വരിയും വായിക്കുംതോറും അദ്ദേഹത്തിൻെറ ഭക്തി വർദ്ധിക്കുകയും വേദന കുറഞ്ഞുവരികയും ചെയ്തുപോലും. കാവ്യം മുഴുവനും വായിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ രോഗത്തിനു പരിപൂർണ്ണശമനവും ലഭിച്ചു. മേല്പത്തൂർ ശ്രീകൃഷ്ണകർണ്ണാമൃതത്തെപ്പററി വളരെ പ്രശംസിച്ചു. വിസ്മയഭരിതരായ ആ കവി പുംഗവന്മാർ ഭഗവാൻെറ ഭക്തവാത്സല്യത്തെയോർത്തു ആനന്ദപരവശരായി.

---

# 4. പുത്രവാത്സല്യം.

ക്രിസ്തുവർഷം 1482 ഇൻഡ്യാചരിത്രത്തിൽ അതിപ്രധാനമായ ഒന്നാണു്. അന്നാണു് തൈമൂറിൻെറ വംശജനും ഭാരതചക്രവർത്തിയുമായിരുന്ന ബാബർ ഭൂജാതനായതു്. ബാബറിൻെറ പിതാവു് ഫെർഘാന എന്ന ഒരു ഉപരാജ്യത്തിലെ രാജാവായിരുന്നു.

ബാബറിനു് അഞ്ചുവയസ്സു പ്രായമായതു മുതൽ അദ്ദേഹം വിശുദ്ധഖുറാൻ പഠിച്ചുതുടങ്ങി. അസാധാരണമായ ബുദ്ധിവൈഭവത്താലും സ്വതസ്സിദ്ധമായ നിസ്തന്ദ്രതയാലും പല ഭാഷകളിലും അദ്ദേഹം പാണ്ഡിത്യം സമ്പാദിച്ചു.

ബാബറിനു ബാല്യത്തിൽ പല കഷ്ടതകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. പതിമൂന്നു വയസ്സു് തികയുന്നതിനു മുമ്പുതന്നെ അദ്ദേഹം രാജ്യഭാരം കൈയ്യേല്ക്കുകയും സമീപത്തുണ്ടായിരുന്ന രണ്ടു രാജ്യങ്ങളെ യുദ്ധത്തിൽ തോല്പിച്ചു കീഴടക്കുകയും ചെയ്തു. പക്ഷേ, ബന്ധുജനങ്ങളുടെ ഉപദ്രവത്താൽ താമസംവിനാ ബാബർക്കു നാടുവിടേണ്ടി വന്നു. നിരന്തരമായ പരിശ്രമത്താലും ധീരതയാലും അദ്ദേഹത്തിനു കാബൂൾ പിടിച്ചടക്കുവാൻ സാധിച്ചു. ആ വിജയം

കൊണ്ടുമാത്രം അദ്ദേഹം സംതൃപ്തനായില്ല. വേറെയും ചില രാജ്യങ്ങൾ പിടിച്ചടക്കി അദ്ദേഹം രാജ്യം വിസ്തൃതമാക്കി. 1526-ൽ പാനിപ്പട്ടിൽ വെച്ചുണ്ടായ ഒന്നാമത്തെ യുദ്ധത്തിൽ ഇബ്രാഹിം ലോഡിയെ പരാജിതനാക്കി അദ്ദേഹം ഡൽഹിയിൽ വിജയപതാക പറപ്പിച്ചു. അനന്തരം അദ്ദേഹം ആഗ്രായിലേക്കു തിരിച്ചു. അവിടത്തെ നിവാസികൾ പരിഭ്രമചിത്തരായി പലായനം ചെയ്തു. ആഹാരമില്ലാതെയും അതികഠിനമായ ചൂടേററും ബാബരുടെ സൈന്യത്തിനു വളരെ നഷ്ടം സംഭവിച്ചു. ഇതൊന്നുകൊണ്ടും അദ്ദേഹം നിരാശനായില്ല. "എന്നെ വെടിഞ്ഞു് മാതൃരാജ്യത്തു പോകണമെന്നു് ആഗ്രഹമുള്ളവർക്കു് ഞാൻ അനുമതി നല്കുന്നു"; എന്നു ബാബർ സൈന്യങ്ങളോടു പ്രസ്താവിച്ചു. പക്ഷെ ധീരനായ അവരുടെ നേതാവിനെ വെടിയുവാൻ ആരും മുതിർന്നില്ല.

ബാബരുടെ അവസാന യുദ്ധം രജപുത്രന്മാരോടായിരുന്നു. അന്നു ഹിന്ദുസ്ഥാനത്തിലെ എല്ലാ രാജാക്കന്മാരും അന്യോന്യം കലഹിച്ചിരുന്നു. ചില രജപുത്രരാജ്യങ്ങൾ ബാബറിനു കീഴടങ്ങി. അനന്തരം മുഗൾ ചക്രവർത്തിയായി അദ്ദേഹം ഡൽഹിയിൽ സിംഹാസനാരോഹണം ചെയ്തു. അതിനുശേഷം നാലു സംവത്സരം മാത്രമേ അദ്ദേഹം മുഗൾ സാമ്രാജ്യം ഭരിച്ചുള്ളു. നാല്പത്തെട്ടാമത്തെ വയസ്സിൽ ബാബർ ചരമം പ്രാപിച്ചു. അന്നു് മുഗൾ സാമ്രാജ്യം മദ്ധ്യഏഷ്യയിലെ ആമു നദിമുതൽ ഗംഗാ സമതലംവരെ വ്യാപിച്ചിരുന്നു.

സ്വഭാവനൈർമ്മല്യം, യുദ്ധപാടവം, സൈന്യനേതൃത്വം മുതലായ ഗുണങ്ങളാലാണ് ബാബറിന് ഒരു സാമ്രാജ്യം സ്ഥാപിക്കാനിടയായതു്. രണതന്ത്രത്തിലും രണാങ്കണത്തിലും അദ്ദേഹം ഒരുപോലെ സമർത്ഥനായിരുന്നു. അദ്ദേഹത്തിൻെറ അഭീഷ്ടത്തിനു വിപരീതമായി എന്തു സംഭവിച്ചാലും നിരാശാ വശംവദനാകുന്ന പ്രകൃതം അദ്ദേഹത്തിനില്ലായിരുന്നു. കായബലത്തെപ്പറ്റി ചിന്തിക്കുമ്പോൾ ബാബർ ഒരസാമാന്യ മനുഷ്യനായിരുന്നു എന്നു കാണാം. നിരന്തരമായ കായികാഭ്യാസം മൂലം അദ്ദേഹം മാംസപേശികൾക്കു നല്ല ദൃഢത വരുത്തിയിരുന്നു. അസാധാരണനായ ഒരു യോദ്ധാവെന്നുള്ളതിനുപുറമേ അദ്ദേഹം ഒരു നല്ല സംഗീതജ്ഞനും, കവിയുമായിരുന്നു. പേർഷ്യൻ, ടർക്കി മുതലായ ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. അദ്ദേഹം രചിച്ചിട്ടുള്ള ആത്മകഥാകഥനം പേർഷ്യൻ ഭാഷയിലെ ഒരു നിസ്തുല്യഭണ്ഡാരമായി ഇന്നും കരുതുന്നു.

സിംഹതുല്യപരാക്രമിയായ ഒരു രാജാവായിട്ടാണ് ജനങ്ങൾ ബാബറെ ഗണിച്ചുവന്നതു്. പുത്രവാത്സല്യം അദ്ദേഹത്തിൻെറ ഒരു പ്രത്യേക ഗുണമായിരുന്നു.

ബാബറിൻെറ പുത്രനായ ഹുമയൂൺ ബാദക്ഷാൻ എന്ന പ്രദേശത്തെ ഗവർണ്ണരായി നിയമിക്കപ്പെട്ടിരുന്നു. അക്കാലത്തു് ബാബറിന് ഒരു സുഖക്കേടു പിടിപെട്ടു. പുത്രന് പിതാവിനോടു് അമിതമായ സ്നേഹമുണ്ടായിരുന്നു. അതിനാൽ പിതാവിൻെറ രോഗവൃത്താന്തം അറി

ത്തമാത്രയിൽ അദ്ദേഹം ആഗ്രായിലേക്കു പുറപ്പെട്ടു. താൻ ആവശ്യപ്പെടാതെ രാജ്യകാൎയ്യങ്ങൾ ഉപേക്ഷിച്ചു ഹുമയൂൺ വന്നതു ബാബറിനു രസിച്ചില്ല. അദ്ദേഹം പുത്രനെ തിരിച്ചുപോകുവാനാജ്ഞാപിച്ചു. ഹുമയൂൺ കേണപേക്ഷിക്കുകയാൽ വാത്സല്യനിധിയായ പുത്രന്റെ അഭിലാഷത്തിനു് ഒടുവിൽ അദ്ദേഹം വശംവദനായി.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആകസ്മികമായി ഹുമയൂൺ രോഗബാധിതനായി. കൊട്ടാരത്തിലെ പ്രസിദ്ധ ഭിഷഗ്വരന്മാർ ചികിത്സിച്ചിട്ടും ഭേദമാകുന്ന ലക്ഷണങ്ങൾ കണ്ടില്ല. രോഗം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. കുമാരൻ മരിച്ചുപോകുമെന്നുതന്നെ വൈദ്യന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. ബാബർ ദുഃഖസാഗരത്തിൽ മഗ്നനായി. അക്കാലത്തു ചക്രവൎത്തിയുടെ അരമനയിൽ അബുൽബാക്കു് എന്നൊരു ഭക്തനായ പുരോഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം വളരെനേരം ഈശ്വരധ്യാനത്തിൽ വ്യാപൃതനായിട്ടു ചക്രവൎത്തിയോടു ഇപ്രകാരം പറഞ്ഞു. "തിരുമേനീ! എന്തെങ്കിലും അനർഘമായ വസ്തു ദൈവത്തിനു് അർപ്പിച്ചാൽ മകന്റെ രോഗത്തിനു നിശ്ചയമായും ശമനം ഉണ്ടാകും. കോഹിനൂർ രത്നം മതിയാകുമെന്നാണു് എനിക്കു തോന്നുന്നതു്".

"കോഹിനൂരോ," ചക്രവൎത്തി സന്തോഷത്തോടെ പറഞ്ഞു. "അതിനെക്കാൾ എനിക്കു വിലപിടിച്ചതു് എന്റെ ജീവനാണു്. അതിനെ എന്റെ പുത്രന്റെ

രക്ഷ ഉദ്ദേശിച്ചു് ദൈവത്തിനു ബലികഴിക്കുവാൻ ഞാൻ സന്നദ്ധനാണു്."

"ദൈവമേ! എൻെറ പുത്രൻെറ ജീവൻ രക്ഷിക്കുവാൻ എൻെറ ജീവൻ പര്യാപ്തമാകുമെങ്കിൽ, ഇതാ ഞാൻ അതിനെ അവിടത്തേയ്ക്കു സമർപ്പിക്കുന്നു". എന്നു ഹൃദയപൂർവം പലവുരു പ്രാർത്ഥിച്ചുകൊണ്ടു ചക്രവർത്തി ഹുമയൂണിൻെറ ശയ്യയ്ക്കു് മൂന്നുപ്രദക്ഷിണം വച്ചു. ബാബർ അന്നു മുഴുവനും ധ്യാനനിരതനായി ഉപവാസത്തിൽ കഴിച്ചുകൂട്ടി.

പിറേറദിവസം പ്രഭാതമാകുന്നതിനുമുമ്പു് ബാബർ രോഗബാധിതനായി ശയ്യയെ അവലംബിച്ചു. ഹുമയൂണിൻെറ രോഗം ഭേദപ്പെട്ടുതുടങ്ങി. ചക്രവർത്തി മന്ത്രിസത്തമന്മാരെ വിളിച്ചു ഹുമയൂണിനെ അനന്തരാവകാശിയായി വാഴിക്കണമെന്നു് ആജ്ഞാപിച്ചു. അധിക ദിവസങ്ങൾ കഴിയുന്നതിനുമുമ്പു പുത്രവത്സലനായ ആ രാജകേസരി പ്രപഞ്ച യവനികയ്ക്കുള്ളിൽ മറഞ്ഞു. കാബൂളിനു പടിഞ്ഞാറു് പ്രകൃതിരമണീയമായ ഒരു കുന്നിൻമുകളിലുള്ള ഉദ്യാനത്തിൽ ബാബർ ചക്രവർത്തിയുടെ ഭൗതികാവശിഷ്ടങ്ങൾ സംസ്കരിച്ചിരിക്കുന്നതു് ഇന്നും നമുക്കു കാണാവുന്നതാണു്.

# 5. കുഷ്ഠരോഗികളുടെ ബന്ധു

പരോപകാരം ജീവിതവ്രതമായി കാലം നയിച്ച മഹാന്മാർ ലോകചരിത്രത്തിൽ സുലഭമാണു്. എന്നാൽ ഫാദർ ഡാമിയനെപ്പോലെ കുഷ്ഠരോഗികളുടെ ബന്ധുവായി "സ്വ ശവകുടീരത്തിൽ പ്രവേശിച്ചു് അതിൻെറ വാതിലുകൾ സ്വന്തം കൈകൊണ്ടു ബന്ധിക്കുവാൻ" സന്നദ്ധരായ മഹാന്മാർ വളരെ അപൂർവ്വമായിട്ടേ കാണുകയുള്ളു.

ഫാദർ ഡാമിയൻ എന്ന അപരനാമത്താൽ വിശ്രുതനായിത്തീർന്ന ജോസഫ് ഡി വെസ്റ്റർ ഒരു ശതാബ്ദത്തിനു മുമ്പു് ബൽജിയത്തിലെ ഒരു ഗ്രാമത്തിൽ ഒരു കൃഷീവലപുത്രനായി ജനിച്ചു. ബാലനു് തൊഴിൽ സംബന്ധമായ വിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കന്മാർ അത്യധികം ശ്രദ്ധ പതിപ്പിച്ചു. തൽഫലമായി, വൈദ്യൻ, തോട്ടക്കാരൻ, അദ്ധ്യാപകൻ, ചിത്രകാരൻ, ആശാരി എന്നീ വിവിധനിലകളിലും, മനഃശാസ്ത്രതത്വത്തിലും അദ്ദേഹം അതിസമർത്ഥനായിത്തീർന്നു. ഒടുവിൽ ഉപജീവനമാർഗ്ഗമായി ഏതെങ്കിലും ഒരു തൊഴിലിൽ പ്രവേശിക്കുവാൻ മാതാപിതാക്കന്മാർ ജോസഫിനെ ഉത്സാഹിപ്പിച്ചു. എന്നാൽ സ്നേഹം, ശുശ്രൂഷ,

ത്യാഗം ഇവയിലുപരിയായി ലോകത്തിൽ മററൊരു ധർമ്മ വുമില്ലെന്നും അതിനാൽ ഒരു പുരോഹിതപദം സ്വീകരിക്കുവാനാണു് താൻ ആഗ്രഹിക്കുന്നതെന്നും ജോസഫ് തുറന്നു പറഞ്ഞു. കാലക്രമത്തിൽ ജ്യേഷ്ഠസഹോദരനെപ്പോലെ ജോസഫും പുരോഹിതനാകുകയും ഫാദർ ഡാമിയൻ എന്ന മഹനീയ നാമധേയം സ്വീകരിക്കുകയും ചെയ്തു. ഡാമിയന്റെ സഹോദരനെ ഒരു മിഷ്യനറിയായി വിദേശത്തേക്കയയ്ക്കുവാൻ അക്കാലത്തു് അധികാരികൾ തീർച്ചപ്പെടുത്തിയിരുന്നു. അദ്ദേഹത്തിനു അവിചാരിതമായി നേരിട്ട ദേഹാസ്വാസ്ഥ്യത്താൽ ആ നിശ്ചയം വിഫലമായി. ഈ വിവരം ഗ്രഹിക്കുന്നതിനിടയായ ഫാദർ ഡാമിയൻ സഹോദരൻെറ സ്ഥാനം സസന്തോഷം സ്വീകരിച്ചു കൊള്ളാമെന്നു് അഭിപ്രായപ്പെട്ടു. മേലധികാരികളുടെ ആജ്ഞാനുസരണം ഡാമിയൻ പസഫിക് മഹാസമുദ്രത്തിലെ ദ്വീപുകളിൽ മിഷ്യനറി ജോലിക്കായി തിരിച്ചു.

പസഫിക് സമുദ്രത്തിലെ ദ്വീപുകൾ 1768-ൽ ക്യാപ്റ്ററൻ കുക്കാണു് കണ്ടുപിടിച്ചതു്. ആ സ്ഥലം പ്രകൃതിരമണീയമായ ഒരു ഭൂവിഭാഗമായിരുന്നെങ്കിലും അവിടത്തെ ശീതോഷ്ണാവസ്ഥ അത്യന്തം ദുസ്സഹമായിരുന്നു. ഒമ്പതു സംവത്സരം ഡാമിയൻ അവിടെ ജോലിനോക്കി. അതിലെ നിവാസികൾ ഭൂരിപക്ഷവും കുഷ്ഠരോഗബാധിതരായിരുന്നു. ഈ രോഗം പടന്നു പിടിക്കാതിരിക്കുവാൻ ഉച്ചനീചാവസ്ഥ കൂടാതെ കുഷ്ഠരോഗികളെ മൊളോക്കാ ദ്വീപിലേക്കു മാററിപ്പാർപ്പിച്ചു. അഗതികളായ രോഗികളെ

പരിചരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ ആരും സന്നദ്ധരായില്ല. ജീവിതം മുഴുവനും അവർ അങ്ങനെ കഴിക്കേണ്ടിവന്നു. ക്രമേണ അവരുടെ അസഹനീയാവസ്ഥ ഡാമിയനെ പരിഭ്രാന്തനാക്കി. എങ്ങനെയെങ്കിലും അതിന് ഒരു പരിഹാരം ഉണ്ടാക്കണമെന്നുദ്ദേശിച്ച് അദ്ദേഹം പലതും ആലോചിച്ചു. നിസ്സഹായരെ സഹായിക്കുന്നതിൽ പരമമായ മറ്റൊന്നുമില്ലെന്നു ധരിച്ച ആ മഹാത്മാവ് ഒടുവിൽ മൊളോക്കാ നിവാസികളുടെ ബന്ധുവായി ജീവിതം നയിക്കുവാൻ സന്നദ്ധനായി. മൊളോക്കായിലെ ജീവിതം ദുസ്സഹവും നരക സമാനവുമായിരുന്നു. കാലാന്തരത്തിൽ താനും ആ ഭയങ്കര വ്യാധിക്ക് അധീനനായേക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, പ്രതികൂലങ്ങളായ പരിതഃസ്ഥിതികൾ ഒന്നും അദ്ദേഹത്തിൻെറ ദൃഢനിശ്ചയത്തിന് വ്യതിചലനം സംഭവിപ്പിച്ചില്ല. ലാവണ്യസമ്പൂർണ്ണമായ കളേബരം വേണ്ടിവന്നാൽ കുഷ്ഠരോഗികൾക്കായി ബലി കൊടുക്കുവാൻ സന്നദ്ധനായിട്ട് അദ്ദേഹം ഒരു സുപ്രഭാതത്തിൽ പുതിയ ജോലിയിൽ പ്രവേശിച്ചു. ഡാമിയന് അന്നു മുപ്പത്തിമൂന്നു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ബോട്ടിൽനിന്നും അദ്ദേഹം കരയ്ക്കിറങ്ങിയപ്പോൾ മലിനഗാത്രരായ അനേകം രോഗികൾ അദ്ദേഹത്തിനു സ്വാഗതമരുളി. അല്പദിവസങ്ങൾക്കുള്ളിൽ മൊളോക്കാ ദ്വീപവാസികൾക്കാകമാനം, ഡാമിയൻെറ മധുരഭാഷണങ്ങൾ ആനന്ദവും ആശ്വാസവും നല്കി.

ഡാമിയന് അനവധി ജോലികൾ നിർവഹിക്കേണ്ടിയിരുന്നു. ആദ്യദിവസങ്ങളിൽ അദ്ദേഹത്തിന് ഉറ

19606.

ങ്ങാൻ ഒരു കുടിലുപോലും ഉണ്ടായിരുന്നില്ല. ഒരു വൃക്ഷച്ചുവട്ടിൽ ശയ്യോപകരണങ്ങൾ യാതൊന്നും കൂടാതെ കിടന്നുറങ്ങുന്നതിനും അദ്ദേഹം മടിച്ചില്ല. കുഷ്ഠരോഗികളും ഈ വിധമായിരുന്നു നിദ്രചെയ്തിരുന്നതു്. ഗവൺമെണ്ടിന്റെയും പൊതുജനങ്ങളുടെയും സഹായസഹകരണങ്ങൾക്കു് ഡാമിയൻ ഒരഭ്യർത്ഥന പുറപ്പെടുവിക്കുകയും തൽഫലമായി രോഗികൾക്കു് വെയിലും മഴയുമേല്ക്കാതെ നിവസിക്കുന്നതിനു കുടിലുകൾ പണിയുവാൻ സാധനസാമഗ്രികൾ ലഭിക്കുകയും ചെയ്തു. എന്നാൽ കുഷ്ഠരോഗത്തെ ഭയന്നു് ഗൃഹനിർമ്മാണത്തിനു ശില്പവേലക്കാർ അവിടെ ചെല്ലുന്നതിനു വിസമ്മതിച്ചു. അവരുടെ ജോലിയും ഡാമിയൻ സസന്തോഷം നിർവഹിച്ചു.

അടുത്തതായി ആ മഹാമനസ്കന്റെ ശ്രദ്ധ പതിഞ്ഞതു് കുഷ്ഠരോഗികളുടെ ആരോഗ്യപരിപാലനത്തിലായിരുന്നു. രോഗികളുടെ വസ്ത്രങ്ങൾ അലക്കുന്നതിനും ദിവസംതോറും കുളിക്കുന്നതിനും ശുദ്ധജലം അത്യന്താപേക്ഷിതമായിത്തീർന്നു. ചില ബാലന്മാരുടെ സഹകരണത്താൽ വേനൽക്കാലത്തുപോലും ധാരാളം ശുദ്ധജലം ലഭിക്കുന്ന ഒരു ഉറവ കണ്ടുപിടിക്കുന്നതിനു ഡാമിയനു സാധിച്ചു. അതിൽ നിന്നു് ആവശ്യംപോലെ വെള്ളം കുഴൽവഴിയായി അദ്ദേഹം വിതരണം ചെയ്തു.

അനുദിനം അവിടത്തെ ദേവാലയത്തിൽ പ്രാർത്ഥന നടത്തിയതിനു ശേഷം മാത്രമാണു് ഡാമിയൻ മററു പ്രവ

ത്തനങ്ങളിൽ ഏർപ്പെട്ടാരുണ്ടായിരുന്നതു്. പ്രാത്ഥനാനന്തരം മൊളോക്കായിലെ ബാലന്മാക്കായുള്ള അനാഥമന്ദിരം സന്ദർശിച്ചു് അവരുടെ പഠനവിഷയത്തിൽ ശ്രദ്ധപതിപ്പിക്കുകയും, ആസ്പത്രാലയങ്ങളിലും കുടിലുകളിലും വസിക്കുന്ന രോഗികളെ സന്ദർശിച്ചു് വേണ്ട പരിചരണം നല്കുകയും ചെയ്യുന്നതു് അദ്ദേഹത്തിൻെറ പ്രധാനകൃത്യങ്ങളായിത്തീൎന്നു. കുഷ്ഠരോഗികളുടെ മലിനമായ മുറിവുകൾ തേച്ചുകഴുകി കെട്ടുന്നതിനു് യാതൊരു വൈമനസ്യവും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നില്ല. മുറിവുകളുടെ വേദന അറിയാതിരിക്കുന്നതിനു് രോഗികൾ അന്നു് മദ്യം സേവിച്ചുവന്നു. എന്നാൽ ഡാമിയൻെറ സദുപദേശങ്ങൾ ആ ദുൎമ്മാൎഗ്ഗത്തിൽനിന്നും രോഗികളെ ക്ഷണത്തിൽ വിമുക്തരാക്കി.

മരണാനന്തരം കുഷ്ഠരോഗികളെ സംസ്കരിക്കുന്ന പതിവു് ആ ദ്വീപിൽ ഉണ്ടായിരുന്നില്ല. സമസ്യഷ്ടങ്ങളോടുള്ള സ്നേഹബഹുമാനാദികളാൽ ശവപ്പെട്ടിയിൽ മൃതശരീരംവച്ചു് ഭൂമിയിൽ സംസ്കരിക്കുന്നതിനുള്ള ഏർപ്പാടു് അദ്ദേഹം ചെയ്തു. അങ്ങിനെ ആയിരത്തിഅഞ്ഞൂറിൽപരം പെട്ടികൾ ഡാമിയൻ നിർമ്മിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ടു്.

പുരോഹിതൻ, വൈദ്യൻ, പ്രസംഗകൻ എന്നസ്ഥാനങ്ങൾക്കു പുറമേ മൊളോക്കായിലെ ഗവർണർപദവും ഡാമിയനു സിദ്ധിച്ചു.

പതിനൊന്നു നീണ്ട സംവത്സരങ്ങൾ അദ്ദേഹം മൊളോക്കായിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവിച്ചു.

രോഗവിമുക്തമായ ദീർഘകായം, പ്രശാന്തഗംഭീരവും പ്രസന്നവുമായ വദനം, മണിനാദം പോലുള്ള സ്വരം, ദുഃഖിതരെ സാന്ത്വനം ചെയ്യുന്നതിനും രോഗികളെ ശുശ്രൂഷിക്കുന്നതിനുമുള്ള ത്യാഗസന്നദ്ധത; ഇവയെല്ലാം ഡാമിയന്റെ പ്രത്യേകതകളായിരുന്നു.

കനിഷ്ഠസഹോദരനു് ഡാമിയൻ അയച്ച ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു. "പ്രഥമദിനങ്ങളിൽ കുഷ്ഠരോഗികളുടെ വ്രണങ്ങളുടെ ദുർഗ്ഗന്ധം ഏല്ക്കുന്നതിലും അവരുടെ വികൃതമായ അവയവങ്ങൾ ദർശിക്കുന്നതിലും എനിക്കു് അസഹ്യത തോന്നി. നിരാഹാരനായി അനവധി നാളുകൾ കഴിക്കാൻ എനിക്കു സാധിക്കും. എന്നാൽ ഏതാനും ദിനങ്ങൾ കഴിഞ്ഞപ്പോൾ കുഷ്ഠരോഗികളെ കാണാതെയും അവരെ ശുശ്രൂഷിക്കാതെയും, ഒരു നിമിഷവും പോക്കാൻ എന്റെ ഹൃദയം അനുവദിച്ചില്ല. കുഷ്ഠരോഗികൾ എന്റെ ചുററും വന്നുകൂടുമ്പോൾ, ദുർഗ്ഗന്ധപൂരിതമായ ആ അന്തരീക്ഷത്തിൽ നിന്നും ഓടി രക്ഷപ്രാപിച്ചാൽ കൊള്ളാമെന്നു് ഞാൻ അഭിലഷിച്ചിട്ടുണ്ടു്. പക്ഷെ ആ വിചാരം കാലാന്തരത്തിൽ ഞാൻ ആത്മസംയമനംകൊണ്ടു നിയന്ത്രിച്ചു."

ഒരു ദിവസം ചൂടുള്ള വെള്ളം കൊണ്ടു് ദേഹശുദ്ധിവരുത്തിയപ്പോൾ ചില ഭാഗങ്ങളിൽനിന്നും തൊലിയിളക

ന്നതായി അദ്ദേഹം കണ്ടു. അപ്പോഴാണ് അദ്ദേഹവും കുഷ്ഠരോഗബാധിതനായി എന്നറിഞ്ഞതു്. "എന്റെ സമസ്യഷ്ടങ്ങളായ സഹോദരങ്ങൾക്ക്—മൊളോക്കാ ദ്വീപി ലെ കുഷ്ഠരോഗികൾക്ക് ശുശ്രൂഷ നല്കുന്നതിനുള്ള മഹാ ഭാഗ്യം അസ്തമിച്ചുപോയല്ലോ" എന്നുള്ള ചിന്തയാൽ അദ്ദേഹം വിവശനായി. ആ ദ്വീപിൽ നിന്നും മാറിത്താ മസിച്ചാൽ രോഗശമനം ലഭിക്കുമെന്നുള്ള വിദഗ്ദ്ധരായ ഡാക്ടറന്മാരുടെ അഭിമതത്തിന്നു് അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിച്ചു. എന്റെ വേദന ഞാൻ സഹിക്കാം. എന്നാൽ എന്റെ സഹോദരങ്ങളുടെ—ആ കുഷ്ഠരോഗികളു ടെ-വേദന ഞാൻ എങ്ങനെ സഹിക്കും?" ഇതായിരുന്നു ഡാമിയനെ ദീനക്കിടക്കയിൽവച്ചും പീഡിപ്പിച്ചുകൊണ്ടി രുന്ന ചിന്ത. ഈവിധ ചിന്തയിൽ പലപ്പോഴും അദ്ദേഹം അശ്രുക്കൾ പൊഴിച്ചിട്ടുണ്ട്.

1889 ഏപ്രിൽ പതിനഞ്ചാം തീയതി ഉജ്ജ്വലസേവ ലനായ ആ മഹാത്മാവു് എന്നന്നേയ്ക്കുമായി ഇഹലോക വാസം വെടിഞ്ഞു. ആദ്യം കിടന്നുറങ്ങിയ വൃക്ഷത്തണ ലിൽത്തന്നെയാണു് ആ ത്യാഗിവര്യന്റെ മൃതശരീരം സംസ്കരിച്ചതു്. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം അതാ യിരുന്നു.

ഒരു മഹാത്മാവിന്റെ കൃത്യം അദ്ദേഹം നിർവഹിച്ചു. അദ്ദേഹം ആരംഭിച്ച ജോലി നിർവിഘ്നം തുടരുവാൻ അദ്ദേ ഹത്തിന്റെ സഹോദരന്മാരുപ്പെടെ പലരും സന്നദ്ധരായി.

കുഷ്ഠരോഗികളുടെ ബന്ധുവായ ഫാദർ ഡാമിയൻെറ നാമധേയം ത്യാഗത്തിന്റെയും സേവനത്തിന്റെയും ആദർശമായി എന്നും പരിലസിക്കുകതന്നെ ചെയ്യും; സംശയമില്ല.

---

## 6. സ്വരാജ്യ സ്നേഹം

ന്യൂമിഡിപുത്രന്മാരായ ടസ്കന്മാർ റോം നിവാസികളോടു വളരെ സാമ്യമുള്ള ഒരു വർഗ്ഗക്കാരായിരുന്നു. ചരിത്രപ്രധാനമായ റോമാ നഗരിയെ ആക്രമിക്കാൻ അവർ അതിവിപുലമായ ഒരു സൈന്യത്തോടുകൂടി പുറപ്പെട്ടു. ശത്രുക്കൾ വളരെ സമീപിച്ചു കഴിഞ്ഞപ്പോഴാണ് റോമാനിവാസികൾ ആസന്നഭാവിയിൽ സംഭവിക്കാൻ പോകുന്ന അത്യാപത്തിനെപ്പററി ചിന്തിച്ചത്. റോമൻ സേനയിൽ ഭൂരിപക്ഷവും സാമ്രാജ്യാതിർത്തികൾ സുരക്ഷിതമാക്കുന്നതിന് നിയുക്തമായിരുന്നു. ഒരു ചെറിയ സൈന്യം മാത്രമേ നഗരത്തിൽ താവളമുറപ്പിച്ചിരുന്നുള്ളു. ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞാൽ നാഗരികത്വത്തിൻെറ അഭിമാനസ്തംഭമായ റോമാ നഗരം ശത്രുക്കൾക്ക് അധീനമാകും. റോമാപൗരന്മാരെല്ലാം ശോകാക്രാന്തരായി.

ടസ്കൻ സൈന്യങ്ങൾക്ക റോമിലേക്ക കടക്കാൻ ഉണ്ടായിരുന്ന ഏകമാർഗ്ഗം ടൈബർ നദിയുടെ മുകളിൽ പണികഴിപ്പിച്ചിരുന്ന ഒരു മരപ്പാലമായിരുന്നു. നദി അന്നു കരകവിഞ്ഞു് നരച്ചു പതച്ചു് പ്രവഹിച്ചുകൊണ്ടിരുന്നതിനാൽ ശത്രുസൈന്യങ്ങൾക്കു് അതു നീന്തിക്കയറുന്ന കാര്യം അത്യന്തം ദുഷ്കരമായിരുന്നു.

ശത്രുക്കൾ സമീപിക്കുന്നതുകണ്ടു് നഗരാധിപനായ കാൺസലും മററു പ്രധാനികളും എന്താണു് ചെയ്യേണ്ടതെന്നു് ആലോചനയായി. ശത്രുനിരോധനത്തിനായി പാലം വെട്ടിമുറിച്ചു വെള്ളത്തിൽ ഒഴുക്കണം എന്നു് ഐകകണ്ഠ്യേന തീരുമാനിച്ചു.

വളരെ ബലവത്തായി നിർമ്മിച്ചിരുന്ന പാലം വെട്ടിമുറിക്കാൻ ആളുകൾ സന്നദ്ധരായി. അപ്പോഴേക്കും ശത്രുക്കൾ പാലത്തിനു വളരെ സമീപിച്ചു കഴിഞ്ഞിരുന്നു. പാലം നീക്കം ചെയ്യുന്നതുവരെ മലവെള്ളം പോലെ പാഞ്ഞുവരുന്ന ശത്രുസമൂഹത്തെ മറുകരയിൽ തടഞ്ഞു നിറുത്തേണ്ടതു് ആവശ്യമായിത്തീർന്നു. ഈ പരിതാപകരമായ അവസ്ഥ കണ്ടു എല്ലാവരും ആകുലരായി ഭവിച്ചു. അപ്പോൾ ജനസമൂഹത്തിൽനിന്നും ഒരു യോദ്ധാവു മുമ്പോട്ടുവന്നു കാൺസലിനെ വന്ദിച്ചു. ധീരനായ ഹൊറേഷ്യസ്സ് ആയിരുന്നു ആ പുരുഷ പുംഗവൻ. അദ്ദേഹം പറഞ്ഞു:—"ഇന്നുംനാളെയുമായി നാം എല്ലവരും ഈ ലോകവുമായി യാത്ര പറയാനുള്ളവരാണു്. നമ്മുടെ മാതൃരാജ്യ

ത്തിനുവേണ്ടി നാം ഓരോരുത്തരും മരിക്കുവാൻ സന്നദ്ധരാകണം. അങ്ങനെ മരിക്കേണ്ടിവരുന്നതു് ഒരു മഹാഭാഗ്യമാണു്. ഈ വിധ സന്ദർഭങ്ങൾ നമുക്കു അപൂർവമായിട്ടേ സിദ്ധിക്കുകയുള്ളു. നമ്മുടെ വിശ്രുതരായ പൂർവികന്മാരുടെ ചെഞ്ചോര ചൊരിഞ്ഞു പരിപൂതമാക്കപ്പെട്ട റോമാനഗരം-നമ്മുടെ മാതൃരാജ്യത്തിൻെറ യശഃസ്തംഭം ശത്രുക്കളാൽ ആക്രമിക്കുകയെന്നോ? ഞാനിതാ മാതൃഭൂമിക്കുവേണ്ടി മരിക്കുവാൻ സന്നദ്ധനായിരിക്കുന്നു. നിങ്ങൾ ഈ പാലം നശിപ്പിക്കുന്നതുവരെ ഞാൻ ശത്രുക്കളുടെ പുരോഗമനം മറുകരയിൽവച്ചു തടഞ്ഞു നിറുത്തിക്കൊള്ളാം. എന്നെ സഹായിക്കുവാൻ രണ്ടുപേർകൂടി വരട്ടെ. ദൈവം നമ്മുടെ ഉദ്യമം ഫലപ്രദമാക്കും."

ഹൊറേഷ്യസ്സിന്റെ വീരോചിതമായ വാക്കുകൾകേട്ടു റോമാപൗരന്മാർ രോമാഞ്ചകഞ്ചുകിതരായി. "ഞങ്ങൾ ഹൊറേഷ്യസിനെ സഹായിക്കാം" എന്നു് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് "സ്പൂറിയസ് ലാർഷ്യസ്" എന്നും "ഹെർമിനിയസ്" എന്നും പേരുള്ള രണ്ടു പരാക്രമശാലികളായ റോമൻ പടയാളികൾ മുന്നോട്ടു കടന്നു നിന്നു. കാൺസലും മറുജനങ്ങളും അവർക്കു ആശിസ്സരുളി. ജനങ്ങളുടെ ജയജയാരവങ്ങൾക്കിടയിൽ അവർ മൂവരും അതിവേഗം ഓടി പാലത്തിൻെറ മറുവശത്തെത്തി ആയുധപാണികളായി നിലകൊണ്ടു.

ടസ്കൻ സൈന്യം, മാർഗ്ഗനിരോധനം ചെയ്യുവാൻ നിന്ന മൂവരുമായി ഏററുമുട്ടി. ശത്രുസൈന്യനിരയുടെ

മുന്നണിയിലുള്ളവർ ഇതു കണ്ടു മന്ദഹസിച്ചു. അവരിൽ മൂന്നു സേനാനികൾ കുതിരപ്പുറത്തുനിന്നും ഇറങ്ങി ഹൊറേഷ്യസ്സിനോടും കൂട്ടുകാരോടും പടവെട്ടി. എന്നാൽ അതുല്യ പരാക്രമികളായ അവരോട് അധിക നേരം എതിർത്തു നില്പാൻ ടസ്കൻ സേനാനികൾക്കു സാധിച്ചില്ല. ഹൊറേഷ്യസ്സിൻെറയും സഖാക്കളുടെയും ഖഡ്ഗപാതമേററ് എതിരാളികൾ മൂവരും നിലം പതിച്ചു. ഈ കാഴ്ചകണ്ടു ശത്രുപക്ഷക്കാർ ആരും മുമ്പോട്ടു വരുന്നതിനു ധൈര്യപ്പെട്ടില്ല. എന്നാൽ അല്പം കഴിഞ്ഞപ്പോൾ ടസ്കനി യോദ്ധാവായ ആസ്റ്റർ കൊള്ളിമീൻ പോലെ ഹൊറേഷ്യസ്സിൻെറ നേർക്കു പാഞ്ഞെത്തി ശിരസ്സു ലക്ഷ്യമാക്കി ആഞ്ഞു വെട്ടി. അപ്രതീക്ഷിതമായി അഭിമുഖീകരിച്ച വെട്ട് ഹൊറേഷ്യസ്സ് തടുത്തു എങ്കിലും അത് ആ യോദ്ധാവിനു ക്ഷതമേല്പിച്ചു. രോഷാന്ധനായിത്തീർന്ന അദ്ദേഹം സർവശക്തികളുമുപയോഗിച്ച് പ്രതിയോഗിയേയും വെട്ടി. ആസ്റ്റർ മൃതപ്രായനായി നിലത്തു വീണു.

"സിംഹപരാക്രമികളും സ്വരാജ്യസ്നേഹികളുമായ യോദ്ധാക്കളേ പാലം നടിയിൽ പതിക്കാറായി. നിങ്ങൾ വേഗം തിരികെ വരിക" എന്നു മറുകരയിൽ നിന്നു കാൺസലും മററു പൌരന്മാരും ഉച്ചൈസ്തരം ഘോഷിച്ചു തൽക്ഷണം ഹെർമിനിയസ്സും, സ്പ്യൂറിയസ്സ് ലാർഷ്യസ്സും പുറകോട്ടോടി മറുകര പ്രാപിച്ചു. അവർ പിന്തിരിഞ്ഞു നോക്കിയപ്പോൾ ഹൊറേഷ്യസ്സ് തനിച്ചുനിന്നു ധീരധീരം പോരാടുന്നതാണു കണ്ടതു്. സഹായത്തിനു ചെല്ലുന്ന

തിന്ന അവർ ആഗ്രഹിച്ചു. പക്ഷേ അതിഭയങ്കരമായ ശബ്ദത്തോടുകൂടി പാലം ആററിൽ പതിച്ചുകഴിഞ്ഞു.

ടസ്കൻ സൈന്യങ്ങൾ ആർത്തുവിളിച്ചു. മുൻഭാഗത്തു് അണിഅണിയായി എതിരിടുന്ന ശത്രുസൈന്യം; പിൻഭാഗത്തു പാഞ്ഞൊഴുകുന്ന ടൈബർ നദി; ഹൊറേഷ്യസ്സ് നിരാശനായില്ല. ഏകനായി അദ്ദേഹം അവരോടു പൊരുതു. ടസ്കന്മാരുടെ ഒരു നായകനായ ലാഴസ് പോഴ്സീന കീഴടങ്ങിക്കൊള്ളുന്നതിന്ന ഹൊറേഷ്യസ്സിനോടു ആവശ്യപ്പെട്ടു. അദ്ദേഹം അതിന്ന സന്നദ്ധനായില്ല. മുറിവുകളിൽ കൂടി രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ഈ പതനത്തിൽ ശത്രുക്കളോടു് എതിരിടുന്നതു ബുദ്ധിപൂർവ്വമല്ലെന്നു കരുതി ഇരുമ്പു ചട്ട ധരിച്ചിരുന്നിട്ടും അദ്ദേഹം അത്യഗാധമായ ടൈബർ നദിയിലേക്ക ചാടി. ശ്വാസോച്ഛ്വാസനിരതരായി എല്ലാവരും നോക്കിനിന്നു. ഹൊറേഷ്യസ്സ് നദിയുടെ അഗാധതയിൽ താണു. നീർക്കുമിളകൾ മേല്പോട്ടേയ്ക്കു് ഉയൎന്നു. ടസ്കൻ സൈന്യങ്ങൾ സന്തോഷഭരിതരായി. റോം നിവാസികൾ അശ്രുകണങ്ങൾ വർഷിച്ചു. അവർ ബാഷ്പകണങ്ങൾ തുടയ്ക്കുന്നതിന്ന മുമ്പു് ഹൊറേഷ്യസ്സ് വെള്ളത്തിൽ നികന്നുവന്നു വളരെ ക്ലേശപ്പെട്ടു നീന്തി കരയ്ക്കു കയറി. ജനങ്ങൾ അദ്ദേഹത്തെ സസന്തോഷം സ്വീകരിക്കുകയും അദ്ദേഹത്തിന്ന വേണ്ട ശുശ്രൂഷകൾ നല്കുകയും ചെയ്തു. ഹൊറേഷ്യസ്സിൻെറ വീരകൃത്യങ്ങൾ ശ്ലാഘിച്ചുകൊണ്ടു് ശത്രുസൈന്യം പിന്തിരിഞ്ഞു. റോമാസാമ്രാജ്യത്തെ സംരക്ഷിച്ച മൂവരേയും ആഘോഷസമന്വിതം റോമൻ ജനങ്ങൾ അഭിനന്ദിക്കുകയുണ്ടായി.

# 7. ദാനത്തിന്റെ പ്രതിഫലം

"മുണ്ടുവേണോ, മുണ്ടു്; വില നാലണമാത്രം" എന്നു് അത്യുച്ചത്തിൽ പലവുരു വിളിച്ചുപറഞ്ഞുകൊണ്ടു് ഒരു വസ്ത്രവുമായി സാധുവും സുന്ദരനുമായ ഒരു മുസ്ലീം ബാലൻ ഒരു ദിവസം കാശി പട്ടണത്തിലെ ആപണവീഥിയിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയായിരുന്നു. ആ വസ്ത്രത്തിനു ആരും നിസ്സന്ദേഹം ആറണ വില കല്പിക്കും. എന്നിട്ടും അതു വാങ്ങാൻ അവിടെ കൂടിയിരുന്ന ആളുകളാരും മുതിർന്നില്ല. ഒടുവിൽ വൃദ്ധനായ ഒരാൾ ബാലനോടു ചോദിച്ചു. "ഹേ കുട്ടി നിനക്കു് ഈ വസ്ത്രം എവിടെ നിന്നു കിട്ടി. പക്ഷെ നീ മോഷ്ടിച്ചതായിരിക്കുമോ ഇതു്; നിന്നെ കണ്ടാൽ മോഷ്ടാവാണെന്നു തോന്നുന്നില്ല. എങ്ങിനെയെങ്കിലുമാകട്ടെ ഇതിനു് ആരും നാലണ തരും; ഞാൻ രണ്ടണ തരാം."

ഈ വാക്ശരങ്ങൾ സുകുമാരകളേബരനായ ബാലന്റെ നിഷ്കളങ്കഹൃദയത്തിൽ ചെന്നു തറച്ചു. അയാൾ തേങ്ങി കരയുവാൻ തുടങ്ങി. വിവിധ ചിന്തകൾ ആ മൃദുലഹൃദയത്തിൽ കൂടി പാഞ്ഞുപോയി. അനന്തരം അയാൾ പറഞ്ഞു. "അങ്ങു് എന്നെ തെററിദ്ധരിക്കുകയാണു്. ഞാൻ ഒരു മോഷ്ടാവല്ല. കാപട്യം എന്താണെന്നുകൂടി എനിക്കു് അറിവില്ല. ഞാൻ ഒരു സാധു മുസ്ലീം കുടുംബത്തിലെ അംഗമാണു്. കബീർ എന്നാണു് എന്റെ

ചെയ്തു്. ഞാൻ നെയ്തുകൊണ്ടുവന്നിരിക്കുന്ന ഈ വസ്ത്രം വിററുവേണം വാർദ്ധക്യം പ്രാപിച്ചിരിക്കുന്ന എന്റെ അമ്മയേയും അച്ഛനേയും സംരക്ഷിക്കുവാൻ. നൂലിന്റെ വിലയും വേലക്കൂലിയും മാത്രമേ ഞാൻ ഈ വസ്ത്രത്തിൽ നിന്നും ആഗ്രഹിക്കുന്നുള്ളു. ഇതുവരെയും കാത്തുസൂക്ഷിച്ച ജഗദീശ്വരൻ ഒരിക്കലും ഞങ്ങളെ കൈവെടിയുകയില്ല."

കബീർ പറഞ്ഞു് അവസാനിപ്പിച്ചു. കുട്ടീ! നീ നിഷ്കപടനാണു്. നിന്നെ ഈശ്വരൻ അനുഗ്രഹിക്കും," എന്നു് ആഗതൻ ചിന്താക്ലിന്നനായി പറഞ്ഞു അസ്ഥലത്തുനിന്നും നിഷ്ക്രമിച്ചു.

നേരം സന്ധ്യയോടടുത്തു. കബീർ പരിഭ്രാന്തചിത്തനായി. ആ വസ്ത്രം വിററില്ലെങ്കിൽ അച്ഛനും അമ്മയും അന്നു പട്ടിണി കിടക്കേണ്ടിവരും. അതെങ്ങനെ കബീർ സഹിക്കും. അപ്പോഴേക്കും പടുവൃദ്ധനായ ഒരു ഫക്കീർ നരച്ച വെളുത്ത മുടിയോടും, ചുളിവീണ ശരീരത്തോടും, വിറയ്ക്കുന്ന കൈകളോടും ബാലനെ സമീപിച്ചു ഗൽഗദസ്വരത്തിൽ പറഞ്ഞു. "കുഞ്ഞെ! ഈശ്വരനെ വിചാരിച്ചു നിന്റെ പക്കലുള്ള വസ്ത്രം എനിക്കു സമ്മാനിക്കുക. പുതയ്ക്കുവാൻ ഒരു വസ്ത്രമില്ലാതെ തണുപ്പേററു ഞാൻ വിറകൊള്ളുന്നു. ദൈവം നിന്നെ തുണക്കട്ടെ."

"മഹാത്മാവായ സന്ന്യാസിൻ", കബീർ പറഞ്ഞു. "ഈ വസ്ത്രം അവിടുത്തേയ്ക്കു തരുന്നതിനു എനിക്കു

യാതൊരു വൈമനസ്യവുമില്ല. പക്ഷെ ഇതു വിററു കിട്ടുന്ന പണംകൊണ്ടുവേണം എൻെറ വയസ്സുചെന്ന മാതാപിതാക്കൾക്കു ആഹാരസാധനങ്ങൾ വാങ്ങിക്കാൻ. എൻെറ വരവും പ്രതീക്ഷിച്ച് അവർ ഇപ്പോൾ അക്ഷമരായി കാത്തിരിക്കുകയായിരിക്കും. ഞാൻ പട്ടിണികിടന്നു കൊള്ളാം. എൻെറ അപ്പനും അമ്മയും പട്ടിണികിടക്കുന്നതു കാണാൻ ഞാൻ ശക്തനല്ല. പകുതി വസ്ത്രം ഞാൻ അങ്ങേയ്ക്കു നല്കാം. പകുതി വിററു വിശപ്പടക്കുവാനെങ്കിലും സാധനങ്ങൾ വാങ്ങി വീട്ടിൽ എത്തിച്ചേ കഴിയൂ."

ഫക്കീർ പറഞ്ഞു. "കുമാരാ, പകുതി വസ്ത്രം എനിക്കു തന്നാൽ അതുകൊണ്ടു ഞാൻ എന്തുചെയ്യാനാണ്. എൻെറ മാറ് മറയ്ക്കാൻപോലും അതു മതിയാകയില്ല. നിനക്കു മനസ്സില്ലെന്നു തോന്നുന്നു. എനിക്കു വേറെ ആരെങ്കിലും തരുമോ എന്നു നോക്കട്ടെ."

ഫക്കീർ വടി ഊന്നി പതുക്കെ നടന്നുതുടങ്ങി. അപ്പോൾ വെറൊരാൾ അവിടെ ആഗതനായി. അദ്ദേഹം കബീറിനോടു പറഞ്ഞു. "കുട്ടീ! ഇതാ നാലണ. ആ വസ്ത്രം ഇങ്ങുതരൂ."

കബീർ വല്ലാത്ത ധർമ്മസങ്കടത്തിലായി. നാലണയ്ക്കു വിററാലേ ആ ദരിദ്രകുടുംബത്തെ സംരക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ. വൃദ്ധനായ ഫക്കീറിനു വസ്ത്രം

കൊട്ടത്തില്ലെങ്കിൽ മഹാകഷ്ടവുമാണു്. ദാനം ചെയ്യേണ്ടതു മനുഷ്യധർമ്മം. "ദൈവമേ! നേരായ മാർഗ്ഗം എനിക്കു കാണിച്ചുതരേണമേ" എന്നു കബീർ പ്രാർത്ഥിച്ചു. ഫക്കീറിന്നു വസ്ത്രം ദാനംചെയ്യുവാൻ കബീറിനെ അയാളുടെ അന്തരാത്മാവു് പ്രേരിപ്പിച്ചു. അയാൾ ഫക്കീറിന്റെ സമീപത്തെത്തി സാഷ്ടാംഗപ്രണാമംചെയ്തു പറഞ്ഞു. "ഇതാ ഈ വസ്ത്രം ഞാൻ അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു. അവിടുന്നു അഗതിയായ എന്നെ അനുഗ്രഹിച്ചാലും" സന്ന്യാസി അതുവാങ്ങി സ്നേഹപൂർവ്വം പുണൎന്നു. സന്തുഷ്ടചിത്തനായി കബീറും വീട്ടിലേയ്ക്കു നടകൊണ്ടു.

ദീപാവലികളാൽ ദിക്കെങ്ങും പ്രശോഭിച്ചുതുടങ്ങി. സമീപത്തുള്ള ദേവാലയങ്ങളിലെ മണിനാദം സ്തോത്രഗീതങ്ങളോടൊപ്പം അംബരത്തേയ്ക്കുയൎന്നു. അപ്പോൾ കബീറിന്റെ ഭവനദ്വാരത്തിൽ ഒരാൾ ചെന്നു ബലമായി മുട്ടി. ആ വൃദ്ധദമ്പതികൾ ചെന്നു വാതിൽ തുറന്നു. ഒരു സാർത്ഥവാഹൻ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കുറെ നാണയങ്ങളും ഭക്ഷണസാധനങ്ങളും അവരുടെ മുമ്പിൽ വെച്ചു പറഞ്ഞു. "ദയവുണ്ടായി ഈ സാധനങ്ങൾ സ്വീകരിക്കണം. "അവർ അത്ഭുതപരവശരായി. കബീർദാസിന്റെ പിതാവു് പറഞ്ഞു. "ഞങ്ങൾ അവയെല്ലാം സ്വീകരിക്കാതിരിക്കുന്നതിൽ സദയം ക്ഷമിക്കണേ. ഞങ്ങളുടെ വാത്സല്യസന്താനമായ കബീർ നെയ്തുണ്ടാക്കിയ വസ്ത്രവുമായി ചന്തയിൽ പോയിട്ടുണ്ടു്. അതു വിററു് വേണ്ട സാധനങ്ങളുമായി ഇപ്പോൾ തന്നെ മടങ്ങിവരും. അതു ഞങ്ങൾക്കു

യാരാളം മതിയാകം. അത്രമാത്രവുമല്ല, ഇക്കഥ അറി ഞ്ഞാൽ അവൻ വല്ലാതെ വിഷമിക്കകയും ചെയ്യും."

സാത്ഥവാഹൻ കൂപ്പുകൈകളോടുകൂടി പറഞ്ഞു. "ഭക്താഗ്രേസരനായ കബീർദാസിൻെറ മാതാപിതാക്ക ളായിഭവിച്ചതിൽ നിങ്ങൾ അനുഗൃഹീതരത്രെ. അദ്ദേ ഹത്തിൻെറ ദാനശീലം, ആർദ്രചിത്തത, സത്യം മുത ലായ വിശിഷ്ടഗുണങ്ങളുടെ തുച്ഛമായ പ്രതിഫലമാണ് ഇവയെല്ലാം. ദയാപൂർവ്വം സ്വീകരിച്ചാലും."

സാത്ഥവാഹൻ എങ്ങോ പോയിമറഞ്ഞു. അധികം കഴിയുന്നതിനുമുമ്പ് കബീർ ഗൃഹം പൂകി. സംഭവിച്ച തെല്ലാം മാതാപിതാക്കൾ കബീറിനെ ധരിപ്പിച്ചു. അവിടെ കൂട്ടിയിരുന്ന നെല്ലും സ്വർണ്ണവുമെല്ലാം കണ്ടപ്പോൾ കബീർ ആശ്ചര്യപരതന്ത്രനായി. അയാൾ പറഞ്ഞു. "അമ്മേ ദൈവം നമ്മെ ഒരിക്കലും കൈവെടിയുകയില്ല. ഇതെല്ലാം അദ്ദേഹം ചെയ്തതായിരിക്കും."

"അതെ മകനെ!" അമ്മ പറഞ്ഞു. "മുന്നു നീ ചെയ്ത ദാനത്തിൻെറ പ്രതിഫലമാണ് ഇതെന്നു ധരി പ്പിച്ചിട്ടാണ് സാർത്ഥവാഹൻ പോയതു്. വളരെ നിർബ്ബ ന്ധപൂർവ്വം അപേക്ഷിക്കുന്നതിനെ ഉപേക്ഷിക്കുന്നതു ഉചി തമല്ലല്ലോ."

അവർ മൂവരുംകൂടി വളരെ നേരം ആലോചിച്ചു. അവരെപ്പോലെ കൊററിനു വകയില്ലാതെ കഴിയുന്നവർക്കു

ആ സാധനങ്ങളെല്ലാം ഭാഗിച്ചുകൊടുത്തു് അന്നത്തെ ആവശ്യത്തിന വേണ്ടതുമാത്രം ആ കുടുംബവും സ്വീകരിച്ചു. അടുത്ത ദിവസവും ഭക്തനായ കബീർദാസൻ പതിവുപോലെ നെയ്തുണ്ടാക്കിയ വസ്ത്രം വിററു് വേണ്ട ആഹാര സാധനങ്ങൾ വാങ്ങി. എന്നാൽ അന്നത്തെ അത്താഴം കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ചു് അവക്ക കൂടുതൽ അമൃതസമാനമായിട്ടാണ തോന്നിയതു്.

---

## 8. മീവാറിലെ പ്രതാപസൂര്യൻ

രാജപുട്ടാണ അഥവാ രാജസ്ഥാനം ഭാരതവർഷത്തിൽ ചരിത്ര പ്രസിദ്ധി നേടിയിട്ടുള്ളതും നിരവധി രജപുത്ര രാജ്യങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു ഭൂവിഭാഗമാണു്. സ്വാതന്ത്ര്യത്തിനായി പലപ്പോഴും ഘോരസമരം നടത്തിയിട്ടുള്ള മീവാറിന്നു് അതിൽ വളരെ പ്രാധാന്യമുണ്ടു്. ചിററൂരാണു് മീവാറിന്റെ തലസ്ഥാനം. പന്ത്രനാഴികയിലധികം ചുററളവുള്ള മഹത്തായ ദുർഗ്ഗങ്ങളാൽ ആ നഗരം ഒരു കാലത്തു് സുരക്ഷിതമായിരുന്നു.

മീവാറിലെ പ്രതാപസൂര്യനായി ഗണിക്കപ്പെട്ടിരുന്ന റാണാ പ്രതാപസിംഹൻ സിംഹപരാക്രമനായ ഒരു രജ

പുംഗവനായിരുന്നു. മുഗൾ ചക്രവർത്തിമാരിൽ പ്രഥമഗണനീയനായിരുന്ന അക്ബറുമായി ആ രാജാവിന്ന് ആജീവനാന്തം സമരം ചെയ്യേണ്ടിയിരുന്നു.

അക്ബർ ചക്രവർത്തിയുടെ ചിററൂർ നിരോധനം ഇൻഡ്യാചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായത്തെകുറിക്കുന്നു. പ്രതിദിനം വർദ്ധിച്ചുവന്ന മുഗൾ സൈന്യങ്ങളുടെ നിരന്തരമായ നിരോധനത്തെ പ്രതിരോധിച്ചു നില്ക്കുന്നതിന്ന് മീവാർ നിവാസികൾ വളരെ ക്ലേശിച്ചു. ഈ സന്ദർഭത്തിലാണ് ഉദയസിംഹപുത്രനായ പ്രതാപസിംഹൻ ശത്രുക്കളോടെതിരിടാൻ പുറപ്പെട്ടത്. രജപുത്രന്മാർ വീരോട്ടുകൂടി യുദ്ധം ചെയ്തു. വീരപരാക്രമികളായ പലരും മരണം വരിച്ചു. ചിററൂർ നിരോധനത്തിൻെറ അവസാനദിവസം ആശയ്ക്കു വകയില്ലെന്നുകണ്ടു അനേകം നാരീമണികൾ ആത്മസന്ത്യാഗം ചെയ്തു. അക്ബറുടെ സൈന്യം ദുർഗ്ഗത്തിനകത്തു പ്രവേശിച്ചപ്പോൾ ആ മനോഹര നഗരം ഒരൊററ മനുഷ്യജീവിപോലുമില്ലാതെ ശൂന്യമായിത്തീർന്നിരുന്നു.

ബാപ്പാരായവംശജനായ ഉദയസിംഹൻെറ സീമന്തപുത്രനായിരുന്നു പ്രതാപസിംഹൻ. പ്രതാപനും അദ്ദേഹത്തിൻെറ സഹോദരനായ ശക്തനും ബാല്യത്തിലേതന്നെ ക്ഷത്രിയോചിതമായ സകല യുദ്ധമുറകളും അഭ്യസിച്ചു. 1572-ൽ ഗോൽക്കണ്ടയിൽവച്ച് ഉദയസിംഹൻ പരലോകപ്രാപ്തനായി. അനന്തരം പ്രതാപസിംഹൻ

രാജാവായി. അന്നു് മീവാർ ക്ഷയോന്മുഖയായി കാണ
പ്പെട്ടിരുന്നു. മാതൃരാജ്യത്തിൻെറ ദുരവസ്ഥയെപ്പററി
ചിന്തിച്ചു് അദ്ദേഹം വ്യാകുലചിത്തനായെങ്കിലും നിരാ
ശയ്ക്കു വശംവദനായില്ല. ദൃഢവ്രതത്തോടുകൂടി മാതൃരാജ്യ
ത്തിൻെറ പുനരുദ്ധാരണത്തിന്നായി ആത്മത്യാഗത്തിന്നു
പോലും അദ്ദേഹം സന്നദ്ധനായിരുന്നു.

ആയിടയ്ക്കു പ്രതാപസിംഹൻെറ ഹൃദയത്തെ വ്യഥ
പ്പെടുത്തുന്ന മറെറാരു സംഭവം ഉണ്ടായി. ശക്തനും
പ്രതാപനും തമ്മിൽ ആകസ്മികമായ ഒരു വാദപ്രതിവാദ
ത്തിലേർപ്പെടുകയും അതു് ഒരു ദ്വന്ദയുദ്ധത്തിൽ കലാശി
ക്കുകയും ചെയ്തു. ഒടുവിൽ ശക്തൻ പ്രതാപനുമായി
പിണങ്ങി ഡൽഹിയിലേക്കു തിരിച്ചു.

പ്രതാപസിംഹൻ ചിററൂർ വെടിഞ്ഞു് കുംഭമേരു
വിൽ വാസം ഉറപ്പിച്ചു. ചിററൂരും പരിസരങ്ങളും
കേവലം വിജനമാക്കിത്തീർക്കണം എന്നുള്ളതായിരുന്നു
അദ്ദേഹത്തിൻെറ ഉദ്ദേശം. അദ്ദേഹത്തിൻെറ അഭി
ലാഷം അചിരേണ സഫലമായി.

കീഴടങ്ങണമെന്നുള്ള അക്ബർ ചക്രവത്തിയുടെ
ദൌത്യവും വഹിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ സ്യാല
നായ രാജാ മാനസിംഹൻ പ്രതാപസിംഹനെ സമീപിച്ചു.
എന്നാൽ മാനസിംഹനെ പ്രതാപസിംഹൻ യഥാവിധി
ഉപചരിച്ചില്ല. രോഷാകുലനായ മാനസിംഹൻ പ്രതീ

കാരപരനായി ഡൽഹിയിലേക്കു മടങ്ങി; ചക്രവൎത്തിയോട്ട് സംഭവിച്ചതെല്ലാം വേണ്ടതുപോലെ ഉണൎത്തിച്ച് അദ്ദേഹത്തിന്റെ വിദ്വേഷം വൎദ്ധിപ്പിച്ചു. ക്രിസ്തുവൎഷം 1575-ൽ യുവരാജാവായ സലിമിന്റെ നേതൃത്വത്തിൽ ഒരു വലിയ സൈന്യം മീവാറിൽ പ്രവേശിച്ചു. പ്രതാപസിംഹന്റെ വിരോധികളായ പല രജപുത്രരാജാക്കന്മാരും, ശക്തനും മുഗൾ ചക്രവൎത്തിയെ സഹായിക്കുവാൻ പുറപ്പെട്ടിട്ടുണ്ടായിരുന്നു. പ്രതാപനും ഒരു വലിയ സൈന്യത്തോടുകൂടി ശത്രുക്കളുടെ വരവുപ്രതീക്ഷിച്ച് ഹൽദീഘട്ടത്തിൽ പാളയമടിച്ചു. സംഖ്യയിൽ അവർ മുഗൾ സേനയെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. ഒരു സുപ്രഭാതത്തിൽ വീരപരാക്രമിയായ പ്രതാപൻ 'ചൈതകം' എന്ന അശ്വത്തിൽ ആരോഹണം ചെയ്ത് രണാങ്കണത്തിലേക്കിറങ്ങി. ആ അശ്വവും സ്വസ്വാമിയെപ്പോലെ ധൈൎയ്യമുള്ളതായിരുന്നു. പാർശ്വവൎത്തികളായ മാന്നൻ തുടങ്ങിയ വീരയോദ്ധാക്കളോടുകൂടി പ്രതാപൻ ശത്രുക്കളെ ഭയവിഹ്വലരാക്കി. ശത്രുപക്ഷത്തുള്ള നിരവധി യോദ്ധാക്കൾ അദ്ദേഹത്തിന്റെ ഖഡ്ഗത്തിന് ഇരയായി. മാനസിംഹനെ തിരയുമ്പോഴാണ് ആനപ്പുറത്തു കയറിവന്ന സലിമിനോടെതിരിടുവാൻ ഇടയായത്. പ്രതാപൻ പ്രയോഗിച്ച കുന്താ ലാക്കു പിഴച്ച് സലിം കയറിവന്ന ഗജവീരന്റെ ദേഹത്തുപതിച്ചു. വായുവേഗത്തിൽ ആന സലിമിനെയുംകൊണ്ടു പാഞ്ഞു. അപ്പോൾ അസംഖ്യം യോദ്ധാക്കൾ പ്രതാപനെ വളഞ്ഞു. പ്രതാപൻ അവരുമായി ധീരധീരം പോരാടി. പക്ഷെ ഒററയായി അവരോട്ട്

അധികനേരം എതിരിടുന്നതിനു് അദ്ദേഹത്തിനു സാധിച്ചില്ല. പ്രതാപന്റെ ശക്തി ക്ഷയിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ സിരകളിൽനിന്നും രക്തം ധാരധാരയായി പ്രവഹിച്ചു. ഘോരമായ ഈ സംഘട്ടനം കണ്ടുനിന്ന മാന്നൻ സഹായത്തിനായി പാഞ്ഞെത്തി. ഗത്യന്തരമില്ലാതെ മാന്നനെ തനിച്ചാക്കിയിട്ടു് പ്രതാപൻ പലായനം ചെയ്തു. പലരും അദ്ദേഹത്തെ പിടിക്കാനായി പിന്നാലെ പുറപ്പെട്ടു. അക്കൂട്ടത്തിൽ ശക്തനും ഉണ്ടായിരുന്നു. ഇരുകൂട്ടരും അതിവേഗത്തിൽ പ്രയാണം ചെയ്തു് ഒരു അരുവിയുടെ തീരത്തെത്തി. ശത്രുക്കൾക്കു് അതു കടക്കുവാൻ പ്രയാസമായിരുന്നെങ്കിലും 'ചൈതകം' മറുകര ലക്ഷ്യമാക്കി ചാടി സ്വസ്വാമിയെ രക്ഷിച്ചു. കുതിരയ്ക്കും അസംഖ്യം മുറിവുകൾ പററിയിരുന്നു. വിശ്രമത്തിനായി പ്രതാപൻ താഴത്തിറങ്ങി. അപ്പോൾ 'അവിടെ നില്ക്കു, അനങ്ങരുതു്' എന്നു ആജ്ഞാപിച്ചുകൊണ്ടു് രണ്ടുപേർ അവിടെ ആഗതരായി. ശക്തനും അവരുടെ പിന്നാലെ എത്തി. ആഗതരും പ്രതാപനും തമ്മിൽ യുദ്ധമുണ്ടായി. ജയാപജയങ്ങൾ നിർണ്ണയിക്കുന്നതിനു മുമ്പു് പ്രതാപൻ അശക്തനായി നിലം പതിച്ചു. സഹോദരനെ കൊല്ലുന്നതിനു വാളോങ്ങിയ ഭടന്മാരോടു് ശക്തൻ എതിരിട്ടു് അവരെ മൃത്യുവിന്നിരയാക്കി.

അനന്തരം ശക്തൻ സഹോദരന്റെ പാദങ്ങളിൽ വീണു സർവ്വാപരാധങ്ങളും ക്ഷമിക്കണമെന്നു് അപേക്ഷിച്ചു. ഹൃദയവ്യഥയനുഭവിച്ചിരുന്ന പ്രതാപനു് അപ്പോൾ

തെല്ലൊരാശ്വാസമുണ്ടായി. അവർ ഇരുവരും വീണ്ടും ഉള്ളഴിഞ്ഞു് അന്യോന്യം സ്നേഹിക്കുവാൻ തുടങ്ങി. എന്നാൽ യുദ്ധത്തിൽ പ്രതാപന്നു് സർവ്വ വിജയങ്ങളും നേടിക്കൊടുത്ത 'ചൈതകം' അന്ത്യശ്വാസം വലിച്ചു. അതിൻെറ മധുരസ്മരണയെ നിലനിറുത്തുന്ന ഒരു സ്ഫടികകുടീരം ആ സ്ഥലത്തു പിന്നീടു കാണാറായി. തൻെറ വലതുകരം നഷ്ടപ്പെട്ടു എന്നു പറഞ്ഞു് പ്രതാപൻ ദുഃഖത്തിലേക്കും, ശക്തൻ സലിമിനോടു യാത്രചോദിക്കുവാനായി അദ്ദേഹത്തിൻെറ സമീപത്തേയ്ക്കും, പുറപ്പെട്ടു.

സകല വിവരങ്ങളും ശക്തൻ ധൈര്യസമേതം അറിയിച്ചപ്പോൾ സലിമിനു കോപമാണു് ആദ്യമുണ്ടായതു്. പക്ഷെ അദ്ദേഹം ശക്തനു മാപ്പു കൊടുക്കുകയും എന്നേക്കുമായി ഡൽഹി വെടിയുവാൻ അദ്ദേഹത്തോടു് ആജ്ഞാപിക്കുകയും ചെയ്തു. ശക്തൻ മടങ്ങുംവഴി പല കോട്ടകളും പിടിച്ചടക്കി. പ്രതാപൻെറ ശക്തി തന്മൂലം വർദ്ധിച്ചു. യുദ്ധം ഏതാനും ദിവസം കൂടി അതിഭയങ്കരമായി നടന്നു. ധീരനായ മാന്നൻ വീരസ്വർഗ്ഗം പ്രാപിച്ചു. വർഷകാലമാരംഭിച്ചതിനാൽ മുഗൾസൈന്യം നിരാശയോടുകൂടി മടങ്ങി. വേനൽക്കാലമായപ്പോൾ ഇരു സൈന്യങ്ങളും ഹൽദീഘട്ടത്തിൽ അണിനിരന്നു. ശത്രുക്കൾ പല സ്ഥലങ്ങളും പിടിച്ചടക്കി. പ്രതാപൻ പർവ്വതത്തിൻെറ മുകൾപ്പരപ്പിൽ സ്ഥിതിചെയ്യുന്ന 'ചൗന്ദ്' എന്ന ഗിരിശൃംഗത്തിലേക്കു രാജധാനി മാററി. ശത്രുക്കൾക്കു് അവിടം ദുഷ്പ്രാപമായിരുന്നെങ്കിലും അവർ പിന്മാറി

യില്ല. ആഹാരാദികൾക്ക പോലും വഴിയില്ലാതെ ഭാൎയ്യയും കുട്ടികളുമായി അനവധി ദിനങ്ങൾ പ്രതാപന് അക്കാലത്തു് അവിടെ കഴിക്കേണ്ടിവന്നിട്ടുണ്ടു്. നിരാശനാകാതെ അദ്ദേഹം ശത്രുക്കളുടെ സ്ഥിതിഗതികൾ ആരാഞ്ഞു് സൗകര്യം കിട്ടുമ്പോഴെല്ലാം അവരുമായി എതിരിട്ടു ദിവസങ്ങൾ കഴിച്ചുകൂട്ടി.

വർഷങ്ങൾ ഈ വിധം പലതു കഴിഞ്ഞു. പ്രതാപൻ കീഴടങ്ങുന്ന ലക്ഷണങ്ങൾ കണ്ടില്ല. അദ്ദേഹത്തിന്റെ വിശ്രുതി ദിഗന്തങ്ങളിലെല്ലാം വ്യാപിച്ചു.

ദിവസം കഴിയുംതോറും പ്രതാപനു വിജയത്തിൽ ആശങ്ക തോന്നിത്തുടങ്ങി. പത്നിയുടേയും വാത്സല്യസന്താനങ്ങളുടേയും ദീനപ്രലപനങ്ങൾ കേട്ടു് അദ്ദേഹത്തിന്റെ ഹൃദയം തകൎന്നു. ഗത്യന്തരമില്ലാതെ മുഗൾചക്രവൎത്തിയുടെ ആജ്ഞയ്ക്കു വിധേയനാകാമെന്നു സമ്മതിച്ചു് അദ്ദേഹം ഒരു ലേഖനം ഡൽഹിയിലേയ്ക്കു അയച്ചു. പ്രതാപന്റെ അപ്രതീക്ഷിതമായ കത്തു ലഭിച്ചപ്പോൾ അക്ബൎക്കുണ്ടായ സന്തോഷം സീമാതീതമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാൎശ്വവൎത്തികളായിരുന്നവൎക്കു് ആ കത്തു വാസ്തവമാണെന്നു തോന്നിയില്ല. അവർ അന്വേഷണങ്ങൾ നടത്തി. ഈ വിവരം അറിഞ്ഞ പ്രതാപൻ മാതൃരാജ്യമായ മീവാറിനെ ഒരിക്കലും അടിമപ്പെടുത്തുന്നതല്ലെന്നു നിശ്ചയിച്ചു. പക്ഷെ പണമില്ലാതെ അദ്ദേഹത്തിനു് എന്തുചെയ്യാൻ കഴിയും. ധനവാനായ ഒരു

മിത്രം പ്രതാപനെ ആ സന്ദർഭത്തിൽ സഹായിച്ചു. വേണ്ട ധനം കിട്ടിയപ്പോൾ പ്രതാപൻ വീണ്ടും അക്ബറോടെതിരിടുവാൻ സന്നദ്ധനായി. ഇരു സൈന്യങ്ങളും കൂട്ടിമുട്ടി. അതിഭയങ്കരമായ ഒരു പോരാട്ടം നടന്നു. മുഗൾ സൈന്യത്തിന്റെ ഒരു വിഭാഗത്തിനു ഗണ്യമായ പരാജയം സംഭവിച്ചു. ഉദയപുരം, കമലമീരം മുതലായ ദേശങ്ങൾ പ്രതാപൻ കൈവശപ്പെടുത്തി. മീവാർ സ്വതന്ത്രയായി. മീവാറിലെ പ്രതാപസൂര്യൻ ഉദിച്ചുയന്നു. ഉദയപുരത്തെ അദ്ദേഹം വീണ്ടും രാജധാനിയാക്കി. ചിറവൂർ വീണ്ടെടുക്കുന്നതിനു് അദ്ദേഹം ജീവാവസാനം വരെ യുദ്ധം ചെയ്തു എങ്കിലും ഫലപ്പെട്ടില്ല.

മുപ്പതിൽപ്പരം വർഷത്തെ നിരന്തരമായ പരിശ്രമത്തിനുശേഷം മുഗൾസൈന്യം പിന്മാറി. മഹാശയനായ അക്ബർ പ്രതാപന്റെ വീര്യപരാക്രമം കണ്ടു സന്തുഷ്ടനായി. ആജീവനാന്തം കഠോരമായ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതുകൊണ്ടു് പ്രതാപസിംഹൻ ഒടുവിൽ രോഗബാധിതനായി. മീവാറിലെ പ്രതാപസൂര്യൻ അങ്ങിനെ അസ്തമിക്കുവാനും തുടങ്ങി. മരണസമയം ആസന്നമായപ്പോൾ അദ്ദേഹം പുത്രനായ അമരസിംഹനോടു് പറഞ്ഞു. "വത്സാ! അമര! എന്റെ ജീവിതം അവസാനിക്കാറായി! നീ ദുഃഖിക്കരുതു്. നിന്നെ ഞാൻ എന്റെ സഖാക്കളുടെ കയ്യിൽ ഏല്പിക്കുന്നു. അവരുടെ ഉപകാരങ്ങൾ നീ ഒരിക്കലും വിസ്മരിക്കരുതു്. വിശ്വസ്തരായ അവരുടെ ഉപദേശം നീ സ്വീകരിക്കണം. മകനേ! നമ്മുടെ മാതൃ

ഭൂമിയായ മീവാർ ഞാനിതാ നിനക്കുതരുന്നു. ചിറവൂർ വീണ്ടെടുക്കാത്തതിൽ ഞാനധികം ഖേദിക്കുന്നു." പ്രതാപൻെറ കണ്ണും ഈറനി. അദ്ദേഹം വീണ്ടുംതുടൎന്നു. "വത്സ! അതു വീണ്ടെടുക്കണം. അതു സഫലമാകുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കും. കുഞ്ഞേ! ഇതാ എൻെറ വാൾ. നമ്മുടെ കുലമഹിമയ്ക്കു നീ കളങ്കംഉണ്ടാക്കരുതു്. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

മാതൃരാജ്യം ഒരിക്കൽക്കൂടി കാണണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹം അനുസരിച്ചു് എല്ലാവരുംകൂടി അദ്ദേഹത്തെ എടുത്തു് പുറത്തുകൊണ്ടുവന്നു. അദ്ദേഹം നാലുപാടും നോക്കി, സന്തുഷ്ടനായി കണ്ണുകൾ അടച്ചു.

മീവാറിലെ പ്രതാപസൂൎയ്യൻ എന്നന്നേക്കുമായി പൊലിഞ്ഞു. മാതൃരാജ്യത്തിനുവേണ്ടി ആജീവനാന്തം പൊരുത റാണാപ്രതാപസിംഹൻെറ വിശ്രുതനാമധേയം ഭാരതം ഒരിക്കലും വിസ്മരിക്കുന്നതല്ല.

---

# ൯. സമയത്തിൻെറ വില

സമയം മതിയാകുന്നില്ല എന്നു മടിയനും, പണം മതിയാകുന്നില്ല എന്നു ചെലവാളിയും പരാതി പറയുന്നു. കൃത്യാനുഷ്ഠാനങ്ങൾ ക്രമമായി പാലിക്കുന്ന ഒരാൾ ഇപ്രകാരം പരാതി പറയുന്നതല്ല. നമുക്കു ലഭിക്കുന്ന ഓരോ നിമിഷവും ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുക എന്നുള്ളതാണു് ജീവിതത്തിൻെറ പരമോദ്ദേശ്യങ്ങളിൽ മുഖ്യമായിട്ടുള്ളതു്. നാം അത്യധികം ദുർവ്യയം ചെയ്യുന്നതും എന്നാൽ വളരെ പരിമിതമായിട്ടുള്ളതും ആയ എന്തെങ്കിലും ഒന്നുണ്ടെങ്കിൽ അതു് സമയമാണു്. "എൻെറ സമയം എത്രയും വിലയേറിയതാകുന്നു." എന്നാണു് മഹാനായ ബെഞ്ചമിൻ ഫ്രാൻക്ലിൻ ഒരിക്കൽ ഒരു യുവാവിനോടു പറഞ്ഞതു്.

ജനുവരി 1706-ൽ ബെഞ്ചമിൻ ഫ്രാൻക്ലിൻ ഫിലഡാൽഫിയായിൽ ബാസ്റ്റൻനഗരത്തിൽ ഒരു സാധുകുടുംബത്തിൽ ജാതനായി. ബെഞ്ചമിൻെറ പിതാവിൻെറ തൊഴിൽ മെഴുകുതിരി വ്യാപാരമായിരുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന പുത്രന്മാരിൽ ഒൻപതുപേരേയും ഓരോതൊഴിലിലും അദ്ദേഹം ഏർപ്പെടുത്തി. പത്താമത്തെ പുത്രനായ ബെഞ്ചമിനെ ഒരു നല്ല നിലയിൽ എത്തിക്കണമെന്നാഗ്രഹിച്ച പിതാവു് പുത്രനെ വിദ്യാലയത്തിലേയ്ക്കു

പക്ഷെ ദാരിദ്ര്യംകൊണ്ടു് പഠിത്തം പൂർത്തിയാക്കാൻ ബാലനു സാധിച്ചില്ല. പിതാവിൻെറ തൊഴിൽ തന്നെ ബാലനം അഭ്യസിച്ചു. എന്നാൽ പ്രസ്തുത പ്രവർത്തനത്തിൽ അല്പവും താല്പര്യമില്ലെന്നു ഗ്രഹിക്കാൻ സാധിച്ചു പിതാവു് മകനെ സഹോദരന്മാരിൽ ഒരാഠം നടത്തിയിരുന്ന അച്ചടിശാലയിലേയ്ക്കു് അയച്ചു. അവിടെ ബെഞ്ചമിൻ കൃത്യനിഷ്ഠയോടുകൂടി ജോലിചെയ്യുകയും വിജ്ഞാനത്തിനുവേണ്ടി വിശ്രമാവസരങ്ങളിലെല്ലാം ഗ്രന്ഥപാരായണത്തിൽ ഏർപ്പെടുകയും ചെയ്തു. അങ്ങനെ ബെഞ്ചമിൻ ഒരു അഗാധ പണ്ഡിതനായിത്തീൻ.

ഒരു ദിവസം ദാരിദ്ര്യം സഹിക്കവഹിയാതെ കീറിയ വസ്ത്രങ്ങളും ധരിച്ചു് ഫ്രാൻക്ലിൻ അവിടെ നിന്നും കാൽനടയായി ഫിലഡൽഫിയായിൽ ചെന്നുചേൻ. അന്നു് അദ്ദേഹത്തിനു പതിനേഴു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഒരു കഷണം അപ്പവും ഭക്ഷിച്ചുകൊണ്ടു് തെരുവിൽ കൂടെ നടന്ന ആ ബാലൻെറ വിചിത്രവേഷം കണ്ടു് ഒരു ബാലിക പരിഹസിക്കുകയുണ്ടായി. ആ പെൺകുട്ടിയെ തന്നെ ഏതാനും വർഷങ്ങഠം കഴിഞ്ഞു അദ്ദേഹം ഒരു ഉത്തമപൗരനായതിനുശേഷം വിവാഹം കഴിച്ചു. ഫിലഡൽഫിയായിൽ അദ്ദേഹം പൊതുജനങ്ങഠംക്കു് ഉപകാരപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പത്രപ്രവർത്തനമായിരുന്നു അദ്ദേഹത്തിൻെറ പ്രധാന തൊഴിൽ. അതിലുണ്ടായിരുന്ന അസാധാരണമായ വാസനയും, ഓരോ മിന്നിട്ടും ഉപകാരപ്രദമാംവിധം പ്രയോ-

ജനപ്പെടുത്തുന്നതിൽ പ്രത്യക്ഷപ്പെടുത്തിയ അഭിനിവേശവും കൊണ്ടു് അദ്ദേഹം സമുന്നതമായ ഒരു സ്ഥാനം പ്രാപിച്ചു. അദ്ദേഹം പല ശാസ്ത്രീയ തത്വങ്ങളുടേയും ജനയിതാവാണു്.

ഫ്രാൻക്ലിൻെറ പത്രമാഫീസിനോടനുബന്ധിച്ചു് ഒരു പുസ്തകശാലയുമുണ്ടായിരുന്നു. അമൂല്യങ്ങളും ഉത്കൃഷ്ടങ്ങളുമായ അനവധി ഗ്രന്ഥങ്ങൾ അവിടെ വില്പനയ്ക്കായി നിരത്തിവച്ചിരിക്കുന്നതു് തെരുവീഥിയിൽ കൂടി കടന്നു പോകുന്നവർക്കു കാണാമായിരുന്നു.

ആനന്ദപ്രദമായ ഒരു ദിവസം സായാഹ്നത്തിൽ അരസികനായ ഒരു യുവാവു് ഒരു പുസ്തകം വാങ്ങാനായി ബെഞ്ചമിൻെറ പുസ്തകശാലയിൽ പ്രവേശിച്ചു. ആ യുവാവു് സമയം പാഴാക്കുന്ന ഒരു സർവ്വകലാശാലാവിദ്യാർത്ഥിയായിരുന്നു. പുസ്തകങ്ങൾ കമനീയമായി അടുക്കിവെച്ചിരിക്കുന്നതു കണ്ടു സന്തുഷ്ടചിത്തനായി സ്വകൃത്യത്തിൽ അതിശ്രദ്ധാലുവായിരുന്ന ഗൃഹസ്ഥനോടു പരുഷസ്വരത്തിൽ ചോദിച്ചു. "ഹേ! ഈ പുസ്തകത്തിൻെറ വില?"

അർത്ഥഗാംഭീര്യം സ്ഫുരിക്കുന്ന സ്വരത്തിൽ ഗൃഹസ്ഥൻ പ്രതിവചിച്ചു. "സാർ അതിൻെറ വില അരപ്പവനാണു്."

സംഭാഷണം ദീർഘിപ്പിച്ചു സമയം പോക്കണമെന്നാഗ്രഹിച്ചു യുവാവു പറഞ്ഞു. "ഇതിനു് അരപ്പവനോ; അതിൽ ഒട്ടും കുറയുകയില്ലേ?"

"അതെ; അതിൻെറ വില അരപ്പവൻ തന്നെ. വിനയസ്വരത്തിൽ പ്രത്യുത്തരം പറഞ്ഞു ഗുമസ്തൻ സ്വകൃത്യത്തിൽ ജാഗരൂകനായി."

"ഹേ! ഗുമസ്തൻ" യുവാവു വീണ്ടും ചോദിച്ചു. "നിങ്ങളുടെ യജമാനൻ ഇവിടെ ഇല്ലേ! എനിക്കു് അദ്ദേഹത്തെ കാണണം."

"അദ്ദേഹം ധൃതിയായി ജോലിചെയ്തുകൊണ്ടിരിക്കുകയാണു്. നിങ്ങൾക്കു കാണാൻ അത്യാവശ്യമെങ്കിൽ ഞാൻ വിവരം അറിയിക്കാം."

"എനിക്കു് അദ്ദേഹത്തെ കണ്ടേ തീരൂ. വേഗം അറിയിക്കുക."

തൽക്ഷണം ഗുമസ്തൻ ബെഞ്ചമിൻെറ സവിധത്തിലെത്തി വിവരമെല്ലാം അറിയിച്ചു. അദ്ദേഹം അന്നു പുറപ്പെടാനുള്ള പത്രത്തിനു് ഒരു മുഖപ്രസംഗം എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. തൻെറ കൃത്യാന്തരബഹുലതകൾക്കിടയിൽ ഉപദ്രവിക്കാനായി വന്ന അരസികനായ യുവാവിനെ കാണാൻ ഫ്രാൻക്ലിൻ പുറത്തു വന്നു. അദ്ദേഹം ഗംഭീരസ്വരത്തിൽ ചോദിച്ചു. "നിങ്ങളാണോ എന്നെ കാണാനാവശ്യപ്പെട്ടതു്?"

"അതെ സാർ! ഈ പുസ്തകത്തിൻെറ വില ചോദിക്കാനാണു ഞാൻ അങ്ങയെ കാണണം എന്നു പറഞ്ഞതു്."

"ശരി" ഫ്രാൻക്ലിൻ പറഞ്ഞു. "ഈ ഗ്രന്ഥത്തിൻെറ പ്രവൃത്തി എന്താണെന്നു നിങ്ങൾ ശരിയായി ഗ്രഹിച്ചിട്ടില്ലായിരിക്കും. അയാൾ അതിൻെറ യഥാർത്ഥവില നിങ്ങളോടു പറഞ്ഞില്ലേ. എന്നാൽ ഇപ്പോൾ അതിനു മുക്കാൽ പവൻ വിലയായിരിക്കുന്നു."

യുവാവിൻെറ നേത്രങ്ങൾ അരുണവർണ്ണമായി. അയാൾ പറഞ്ഞു. "എന്തു് അരപ്പവൻ മാത്രം വിലയുള്ള പുസ്തകത്തിനു് മുക്കാൽ പവനെന്നോ". മിനിട്ടുതോറും ഇങ്ങനെ വില കൂട്ടുന്നതു് എനിക്കത്യാവശ്യമെന്നു് അറിഞ്ഞതുകൊണ്ടായിരിക്കും."

"അല്ല! അങ്ങനെയല്ല." ഫ്രാൻക്ലിൻ പറഞ്ഞു. "ഇപ്പോൾ ആ പുസ്തകത്തിനു് ഒരു പവനാണു വില. ജോലിയിൽ ശ്രദ്ധാലുവായിരുന്ന എന്നെ അകാരണമായി ഇവിടെ വരുത്തിയതിനു പ്രായശ്ചിത്തമായിട്ടാണു അതു്. എൻെറ ഓരോ നിമിഷവും വില മതിക്കാൻ പാടില്ലാത്തതാണു്. ഇപ്പോൾ തന്നെ പത്തു മിനിട്ടു കഴിഞ്ഞിരിക്കുന്നു."

ഗത്യന്തരമില്ലാതെ യുവാവു് ഒരു പവൻ കൊടുത്തു് ആ പുസ്തകം വാങ്ങി ഇതികർത്തവ്യതാമൂഢനായി മടങ്ങി. സമയത്തിൻെറ വില എത്രമാത്രമാണെന്നു് അപ്പോൾ മാത്രമേ അയാൾ ഗ്രഹിച്ചുള്ളൂ.

# 10. ആത്മത്യാഗം

ചാറത്സ്ഡാർനെ ഫ്രാൻസിൽ പ്രധാനപ്പെട്ട ഒരു പ്രഭുകുടുംബത്തിലെ അംഗമായിരുന്നു. യൗവ്വനകാലത്തുതന്നെ സിഡ്നികാർട്ടൻ എന്ന ഒരു ഇംഗ്ലീഷുബാരിസ്റ്റരെ അദ്ദേഹത്തിനു ആത്മസുഹൃത്തായി ലഭിച്ചു. അവർക്കു ആകൃതിയിലും പ്രകൃതിയിലും വളരെ സാദൃശ്യമുണ്ടായിരുന്നു. സാധാരണക്കാൎക്കു അവരെ തിരിച്ചറിയുന്നതിനു സാദ്ധ്യമായിരുന്നില്ല. അവരുടെ മൈത്രി സിഡ്നികാർട്ടൻ അതിരററു സ്നേഹിച്ചിരുന്ന രൂപവതിയായ ഒരു യുവതിയെ ഡാർനെ വിവാഹം ചെയ്തതിനുശേഷവും ഉത്തരോത്തരം ദൃഢത പ്രാപിച്ചുവന്നു.

വർഷങ്ങൾ പലതുകഴിഞ്ഞു. ആ ദമ്പതികൾക്കു ഒരു മകനും ജാതനായി. അങ്ങനെ അവരുടെ ദാമ്പത്യജീവിതം ആനന്ദപ്രദമായി കഴിഞ്ഞുവരുമ്പോഴാണു് ലോകപ്രസിദ്ധമായ ഫ്രഞ്ചുവിപ്ലവത്തിൻെറ ആരംഭം. അന്നു് 1792 ജൂൺ 20-ാം തീയതിയായിരുന്നു. വിപ്ലവകാരികളുടെ കൊടിക്കീഴിൽ അണയാത്ത അനവധി ആളുകളെ നിഷ്കരുണം ഗിലററിൻ എന്ന യന്ത്രത്താൽ വധിക്കപ്പെട്ടു. ചാറത്സ്ഡാർനെയേയും അങ്ങിനെ വധിക്കുന്നതിനു് അദ്ദേഹത്തിൻെറ ശത്രുക്കൾ നിശ്ചയിച്ച വിവരം

സിഡ്നികാർട്ടൻ ഗ്രഹിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ ദുഃഖം അവർണ്ണനീയമായിരുന്നു. എന്തായാലും ആത്മസുഹൃത്തിനും അദ്ദേഹം സ്നേഹിച്ചാരാധിച്ചിരുന്ന യുവതിക്കും അവരുടെ ഓമനസ്സന്താനത്തിനും വേണ്ടി സ്വജീവൻ ത്യജിക്കുവാൻ കാർട്ടൻ തീർച്ചപ്പെടുത്തി. അദ്ദേഹം വളരെ ക്ലേശമനുഭവിച്ചു് ഡാർനെയെ സൂക്ഷിച്ചിരുന്ന തടവുമുറിയിൽ ചില സുഹൃത്തുക്കളുടെ സഹായത്താൽ ഒരു ദിവസം പ്രവേശിച്ചു. ഡാർനെ ക്ഷീണഗാത്രനായി ഉറങ്ങുകയായിരുന്നു. സിഡ്നികാർട്ടൻ ഔഷധപ്രയോഗത്താൽ ഡാർനെയെ ബോധരഹിതനാക്കുകയും, വസ്ത്രങ്ങൾ പരസ്പരം മാററുകയും ചെയ്തതിനുശേഷം അദ്ദേഹത്തെ കാർട്ടന്റെ അനുചരന്മാർ പുറത്തേക്കു കൊണ്ടുപോയി. കാർട്ടനു പ്രജ്ഞയുദിക്കുന്നതിനു മുമ്പു് അവർ വിപ്ലവകാരികളുടെ അധികാരാതിർത്തി കടന്നു് മറെറാരു സ്ഥലത്തെത്തി.

ആ ചെറിയ കാരാഗൃഹമുറിയ്ക്കകത്തു് കാർട്ടൻ ഓരോ നിമിഷവും എണ്ണിയെണ്ണി കഴിച്ചു. ജയിലിലെ മണി ഒരു പ്രാവശ്യം അടിച്ചു. അന്നു് അവിടെവച്ചു ശ്രവിക്കുവാൻ സാധിക്കുന്ന അവസാനത്തെ മണിനാദമാണെന്നു കാർട്ടനു അറിയാമായിരുന്നു. വികാരത്തള്ളലാൽ അദ്ദേഹത്തിന്റെ ഹൃദയം ത്രസിച്ചു. എങ്കിലും അദ്ദേഹം അധൈര്യപ്പെട്ടില്ല. താമസംവിനാ ചില ശബ്ദങ്ങൾ—ആയുധങ്ങൾ തമ്മിൽ ഉരസുന്ന ക്വണിതം, വാതായനങ്ങൾ തുറക്കുന്ന ശബ്ദം—അദ്ദേഹത്തിനു കേൾക്കാറായി-

പേരുകൾ കുറിച്ചിരുന്ന കടലാസ്സുകഷ്ണങ്ങളും വഹിച്ചുകൊണ്ടു ദീർഘകായനായ ജയിലർ ആ തടവുമുറിയിൽ പ്രവേശിച്ചു. കാർട്ടൻ എഴുന്നേററു് അദ്ദേഹത്തെ അഭിവാദനംചെയ്തു. "നിങ്ങൾ എന്നെ അനുഗമിക്കുക" എന്നു ജയിലർ അഭിവാദനം സ്വീകരിച്ചുകൊണ്ടു പറഞ്ഞു. കാർട്ടൻ ജയിലറെ അനുഗമിച്ചു. ശീതകാലത്തെ മങ്ങിയ വെളിച്ചമുള്ള ഒരു ദിവസമായിരുന്നു അതു്. കാർട്ടനെ വേറൊരു മുറിയിൽ പ്രവേശിപ്പിച്ചു. അന്നു വധിക്കുവാൻ സൂക്ഷിച്ചിരുന്ന തടവുപുള്ളികളാൽ അവിടം നിബിഡമായിരുന്നു. അവരിൽ ചിലർ ദയനീയമായ ആർത്തനാദം പുറപ്പെടുവിച്ചു. മററുചിലർ ദീർഘമായി നിശ്വസിച്ചു. ചിലർ നിശ്ചലരായും നിലകൊണ്ടു. കാർട്ടൻെറ പുറകെയായി അൻപത്തിരണ്ടുപേർ ഒന്നൊന്നായി ആ മുറിയിൽ കയറി. അവർ കാർട്ടൻെറ സമീപത്തുകൂടി കടന്നുപോയി. പരിചിതനായ ഒരാൾ അദ്ദേഹത്തെ കണ്ടപ്പോൾ സംസാരിക്കുന്നതിനു സമീപിച്ചു. കാർട്ടൻ പരിഭ്രാന്തനായി. പ്രച്ഛന്നത വെളിപ്പെട്ടേക്കുമോ എന്നൊരു ഭീതി അദ്ദേഹത്തിനുണ്ടായി. പക്ഷേ ആ സ്നേഹിതനു സംസാരിക്കുവാൻ അവസരം ലഭിച്ചില്ല.

മണിക്കൂറുകൾ പലതു കഴിഞ്ഞു. സുന്ദരിയായ ഒരു യുവതി വാടിയ വദനത്തോടെ കാർട്ടന്റെ സമീപത്തെത്തി. അവളുടെ മൃദുലമായ കരപല്ലവങ്ങളെ കാർട്ടൻെറ ഹസ്തങ്ങളിൽ അർപ്പിച്ചിട്ടു് പറഞ്ഞു. "എവർമോണ്ടു്" (ഫ്രാൻസ്, ഡാർണെ ഈ പേരിലാണു പാരീസ്സിൽ അറി-

യപ്പെട്ടിരുന്നതു്.) നിങ്ങരം എന്നെ അറിയുകയില്ലേ. ലാഫോസിൽവച്ചു നിങ്ങളോടൊന്നിച്ചുണ്ടായിരുന്ന ആ സാധു തുന്നൽക്കാരിയാണു് ഞാൻ."

കാർട്ടൻ ചിന്താഗ്രസ്തനായി അല്പസമയം കഴിഞ്ഞു പറഞ്ഞു. "അതെ ഞാൻ ഇപ്പോരം ഓർമ്മിക്കുന്നുണ്ടു്. സാധുവായ നിങ്ങളിൽ ആരോപിച്ചിട്ടുള്ള കുററം."

"നിരപരാധിയും നിരാശ്രയയും നിർദ്ധനയുമായ എനിക്കു എന്തു ഗൂഢാലോചനയാണു്. സർവ്വശക്തനായ ദൈവം സകലവും അറിഞ്ഞുകൊള്ളും. എവർമോണ്ടു്! എനിക്കു മരണഭീതി ലേശംപോലുമില്ല. വധശിക്ഷയനുഭവിക്കത്തക്ക യാതൊരു കുററവും ഞാൻ ചെയ്തിട്ടില്ലെന്നുള്ള സങ്കടമാണു് എന്നെ പീഡിപ്പിക്കുന്നതു്. സാധുക്കളായ ഞങ്ങളെ ഉദ്ധരിക്കേണ്ട റിപ്പബ്ളിക്കിനു് എൻെറ മരണംകൊണ്ടു് എന്തെങ്കിലും ഗുണം ലഭിക്കുമെങ്കിൽ എനിക്കു മരിക്കുവാൻ ഒട്ടും വൈമനസ്യമില്ല".

സിഡ്നി കാർട്ടൻെറ ഹൃദയം തുന്നൽക്കാരിയുടെ ദയനീയമായ ചെറുപ്രസംഗം കേട്ടു് ആർദ്രമായി. "എവർമോണ്ടു്" അവരം വീണ്ടും പറഞ്ഞു. "ഞാൻ നിങ്ങളോടൊന്നിച്ചു വധസ്ഥലംവരെ യാത്രചെയ്യുമ്പോരം നിങ്ങളുടെ കരം ഗ്രഹിച്ചുകൊള്ളുന്നതിനു എന്നെ അനുവദിക്കുമോ? എനിക്കു ഭീതിയില്ലെങ്കിലും ഞാൻ അബലയായതിനാൽ കൂടുതൽ ധൈര്യം അതുകൊണ്ടു് ലഭിച്ചേക്കാം."

"സഹോദരീ" കാർട്ടൻ സ്വരം താഴ്ത്തി പറഞ്ഞു. "നിങ്ങൾ ധരിച്ചിരിക്കുന്നതുപോലെ ഞാൻ എവർമോണ്ടു് അല്ല; അദ്ദേഹത്തിന്റെ സുഹൃത്തു് ബാരിസ്റ്റർ കാർട്ടൻ ആണു്. എവർമോണ്ടിനെ ഞങ്ങൾ കാരാഗൃഹത്തിൽനിന്നും ഇന്നലെ രക്ഷപ്പെടുത്തി.''

നിരന്തരമായ അദ്ധ്വാനവും ദാരിദ്ര്യവും കൊണ്ടു് ശുഷ്കശരീരയായിരുന്ന അവളുടെ കരം കാർട്ടൻ ഗ്രഹിച്ചു. അവൾ സാവധാനത്തിൽ പറഞ്ഞു. "അപ്പോൾ നിങ്ങൾ ഡാർനേയ്ക്കു വേണ്ടിയാണു മരിക്കുവാൻ സന്നദ്ധനായിരിക്കുന്നതു്; അല്ലേ?"

''അദ്ദേഹത്തിനായിട്ടു മാത്രമല്ല; മിസ്സസ് ഡാർനേയ്ക്കും ആ പിഞ്ചുപൈതലിനും കൂടെ".

"എന്നാൽ നിങ്ങളുടെ ത്യാഗം മഹനീയം തന്നെ."

"അല്ലാ; അത്യദ്ഭുതകരമായ ഒരു ത്യാഗം ക്രിസ്തുഭഗവാൻ നിർവഹിച്ചിട്ടുണ്ടു്. അതു് അദ്ദേഹത്തിനായിട്ടല്ല. പ്രത്യുത അദ്ദേഹത്തെ സ്നേഹിക്കുന്ന ഓരോരുത്തർക്കുമായിട്ടാണു് ആ ആത്മബലിക്കു് അദ്ദേഹം സന്നദ്ധനായതു്".

"ആ വാക്കുകൾ എനിക്കു് ആശ്വാസം തരുന്നു. കാർട്ടൻ! എന്റെ ബലഹീനമായ കരം ഗ്രഹിച്ചുകൊള്ളുവാൻ അങ്ങേയ്ക്കു ദയയുണ്ടാകുമോ?"

"സഹോദരി സംശയിക്കേണ്ടാ. എന്റെ അന്ത്യനിമിഷംവരെ ഞാൻ അതിനു സന്നദ്ധനാണു്".

കാർട്ടൻ പറഞ്ഞു അവസാനിപ്പിച്ചു. വധസ്ഥലത്തേയ്ക്കു കൊണ്ടുപോകുവാൻ തടവുപുള്ളികളെ വാഹനങ്ങളിൽ കയററി. മേഘഗർജ്ജനം പോലെ ഗംഭീരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് അവ പാരീസ്സ് പട്ടണത്തിന്റെ തെരുവീഥികളിൽ കൂടി ത്വരിതപ്രയാണം ചെയ്തു. കൊലപ്പുള്ളികളുടെ വദനം മ്ലാനമായി കാണപ്പെട്ടു. അവരുടെ ദയനീയമായ നോട്ടങ്ങൾക്കു ജനങ്ങളുടെ അനുകമ്പയെ ആകർഷിക്കുവാൻ കഴിഞ്ഞില്ല. മണി മൂന്നടിച്ചപ്പോൾ ആ വാഹനങ്ങൾ ദീർഘമായ ഒരു യാത്രക്കുശേഷം നിശ്ചിതസ്ഥലത്തെത്തി.

വാഹനങ്ങളിൽ നിന്നും തടവുകാരെ താഴെയിറക്കി നിരത്തി. അവരുടെ ശിരസ്സുകളെ കൊലയാളികൾ ഗില്ലററിൻ യന്ത്രംകൊണ്ടു ഛേദിക്കുവാൻ ആരംഭിച്ചു അങ്ങനെ ഏതാനും പേർ ഇഹലോകത്തുനിന്നും മറഞ്ഞു. ഒടുവിൽ 'എവർമോണ്ടു്' എന്നു ഏവരും വിശ്വസിച്ചുവന്ന കാർട്ടൻ വാഹനത്തിൽ നിന്നും അവരുഢനായി. അദ്ദേഹത്തിന്റെ പിന്നാലെ സാധുവായ തുന്നൽക്കാരിയും ഉണ്ടായിരുന്നു. പ്രതിജ്ഞയനുസരിച്ചു് കാർട്ടൻ അവളുടെ ഹസ്തം ബലമായി ഗ്രഹിച്ചിരുന്നു. അവർ ഗില്ലററിനു സമീപം എത്തി. അപ്പോൾ അവശയായ ആ യുവതി കാർട്ടനോടു പറഞ്ഞു. "എവർമോണ്ടു്

സാധുവും ദുർബ്ബലയുമായ എന്നെ ധൈര്യപ്പെടുത്തുന്നതിനാണു് ദൈവം നിങ്ങളെ എനിക്കു നല്കിയതു്. പരമകാരുണികനായ ആ ദൈവത്തിൻെറ മുമ്പാകെ നമ്മുടെ ആത്മാക്കളും നമുക്കു സമർപ്പിക്കാം''.

"അതെ സഹോദരി'' കാർട്ടൻ പറഞ്ഞു. "മറെറാന്നിലും ശ്രദ്ധിക്കാതെ നിങ്ങളുടെ നയനങ്ങൾ ദൈവത്തിൽ മാത്രം കേന്ദ്രീകരിക്കുക.''

"ഞാൻ ഇനി എന്തിനു ഭയപ്പെടണം. എല്ലാം വേഗം അവസാനിക്കുമെന്നു വിചാരിക്കുന്നു.''

"എല്ലാം ക്ഷണം അവസാനിക്കും. സഹോദരീ ധൈര്യമവലംബിക്കു".

"ധീരനും ആർദ്രഹൃദയനുമായ സ്നേഹിതാ! നിങ്ങളുടെ വാക്കുകൾ എനിക്കു ധൈര്യം നല്കുന്നു. ഇനി എനിക്കു അശേഷം ഭീതിയില്ല.''

"നമുക്കു വേർപെടാൻ സമയമായി. നിങ്ങളുടെ പിന്നാലെ ഞാനും അവിടെ എത്തിക്കൊള്ളാം.''

കാർട്ടൻ ആ സാധുസ്ത്രീയെ ഗിലററിനോടു ചേർത്തു നിറുത്തി. അവൾ അത്യുത്സാഹത്തോടു് അന്ത്യയാത്ര പറഞ്ഞു. കാർട്ടൻെറ കരതലത്തിൽ നിന്നും വേർപെട്ട

ആ യുവതി പിന്നീടു വിറച്ചുണ്ടില്ല. അവളുടെ മുഖത്തു ഭാവഭേദങ്ങളുണ്ടായതുമില്ല. ശരീരത്തിൽ നിന്നും വേർപെട്ട അവളുടെ വദനം പുഞ്ചിരി പൊഴിക്കുന്നതുപോലെ കാണികൾക്കു തോന്നി. രണ്ടോ മൂന്നോ നിമിഷങ്ങൾ കൊണ്ടു് കാർട്ടനം ഇഹലോകവാസം വെടിഞ്ഞു ദൈവസന്നിധി പ്രാപിച്ചു.

---

# 11. ദിവ്യനായ യാചകൻ

വരരുചി എന്ന മഹാബ്രാഹ്മണനു പറയജാതി സ്ത്രീയിൽ ജാതരായ പന്ത്രണ്ടു മഹാത്മാക്കളെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. വരരുചിയുടെ പന്ത്രണ്ടാമത്തെ പുത്രനായിരുന്നു പാക്കനാർ. ആ മഹാപുരുഷൻ ദിവ്യനും, മഹാത്മാവുമായിരുന്നിട്ടും ദാരിദ്ര്യം നിമിത്തം യാചകവൃത്തികൊണ്ടാണു് ദിനവൃത്തി കഴിച്ചുവന്നതു്. നിത്യവും ബ്രാഹ്മണഭവനങ്ങളിൽ ഭിക്ഷാടനത്തിനായി പോകുന്ന അദ്ദേഹം ഒരു ദിവസത്തെ വക ലഭിച്ചുകഴിഞ്ഞാൽ പിന്നീടു് അന്നു യാചിക്കുക പതിവില്ലായിരുന്നു. ചില ദിവസങ്ങളിൽ നിരാഹാരനായും അദ്ദേഹത്തിനു കഴിയേണ്ടി വന്നിട്ടുണ്ടു്.

പാക്കനാരുടെ ഗൃഹത്തിനു സമീപം അനവധി ബ്രാഹ്മണഭവനങ്ങളുണ്ടായിരുന്നു. ഭിക്ഷയ്ക്കായി ചെല്ലുന്ന പാക്കനാരെ പല ഭവനങ്ങളിൽ നിന്നും ആട്ടിപ്പായിക്കാറുണ്ട്. ഒരു ദിവസം ഉച്ചവരെ യാചിച്ചു നടന്നിട്ടും യാതൊന്നും കിട്ടിയില്ല. ക്ഷീണപരവശനായി അദ്ദേഹം ഒരു ഗൃഹത്തിന്റെ പടിക്കൽ ചെന്നിരുന്നു. അല്പം കഴിഞ്ഞപ്പോൾ ദീനസ്വരത്തിൽ "അമ്മേ അടിയനു ഭിക്ഷ തരണേ" എന്നു പാക്കനാർ കേണപേക്ഷിച്ചു. ഗൃഹനാഥനായ ബ്രാഹ്മണൻ ആ അപേക്ഷ കേട്ടതായിപ്പോലും ഭാവിച്ചില്ല. എന്നാൽ ഗൃഹനാഥ യാചകന്റെ ദീനപ്രലപനം കേട്ടു ആർദ്രചിത്തയായി കുക്ഷി നിറയെ പാൽക്കഞ്ഞി നല്കി. ആ മനസ്വിനിയുടെ ഭൂതദയയെപ്പറ്റി ചിന്തിച്ച് പാക്കനാർ സ്വയം മറന്ന് ഈശ്വരനെ സ്തുതിച്ചു. സന്തുഷ്ടചിത്തനായ പാക്കനാർ ആ കുടുംബത്തെയും വിശിഷ്യ ആ മനസ്വിനിയേയും ഉള്ളഴിഞ്ഞ് അനുഗ്രഹിച്ചു. "ഈ ഭവനത്തിൽ അനിഷ്ടസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായാൽ അടിയനെ വിവരം അറിയിക്കണേ" എന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം യാത്രയായി.

ഏതാനും സംവത്സരങ്ങൾ കഴിഞ്ഞു. പാക്കനാരുടെ അനുഗ്രഹവചനങ്ങൾ ആ ബ്രാഹ്മണപത്നി വിസ്മരിച്ചുപോയിരിക്കാം. ഗൃഹനാഥനായ ബ്രാഹ്മണൻ, അദ്ദേഹത്തിന്റെ മുപ്പതാമത്തെ ജന്മർക്ഷ ദിനം അപ്രതീക്ഷിതമായി ചരമം പ്രാപിച്ചു. അദ്ദേഹത്തിനു സന്താ

നങ്ങൾ ഉണ്ടായിരുന്നില്ല. ആ കുടുംബത്തിൽ അദ്ദേഹത്തിന്റെ ഉദകക്രിയ നടത്തുന്നതിനും ആളുകൾ ഇല്ലായിരുന്നു. വിധവയും അനാഥയുമായിത്തീർന്ന ആ ബ്രാഹ്മണസ്ത്രീ വാവിട്ടു കേഴുവാൻ തുടങ്ങി. അവരെ സാന്ത്വനപ്പെടുത്തുവാനോ, അവരുടെ ദുഃഖത്തിൽ സഹകരിക്കുവാനോ ആരും മുതിർന്നില്ല.

അന്ന് പാക്കനാർ ഭിക്ഷ യാചിച്ചു മടങ്ങുംവഴി ആ ബ്രാഹ്മണസ്ത്രീയുടെ ഗൃഹത്തിൽ ചെന്നു ചേരുന്നതിന്നിടയായി. ഏതാനും ദിവസങ്ങൾക്കുമുമ്പ് അമൃതസമാനമായി ഭക്ഷിച്ച പാൽക്കഞ്ഞിയും, മഹാമനസ്വിനിയായ ആ ബ്രഹ്മണസ്ത്രീയും പാക്കനാരുടെ സ്മൃതിപഥത്തിലെത്തി. എന്നാൽ ആ ഗൃഹത്തിൽ ഉദകക്രിയക്കുള്ള സംരംഭങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടു അദ്ദേഹം വിഷണ്ണനായി. പരലോകം പൂകിയതു പാൽക്കഞ്ഞി കൊടുത്ത സ്ത്രീ ആയിരിക്കുമോ എന്നു അറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. അവിടെ കൂടിയിരുന്ന ആളുകളുണ്ടോ പാക്കനാരുടെ യഥാർത്ഥ വിവരങ്ങൾ ഗ്രഹിപ്പിക്കാൻ പോകുന്നു. എന്തായാലും അവിടെയുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുവാനായി "വല്ലതും തരണേ" എന്നു പാക്കനാർ ഉച്ചത്തിൽ യാചിച്ചു. "മരണവീട്ടിൽ ഭിക്ഷയോടാ" എന്നു ആക്രോശിച്ചുകൊണ്ടു പലരും പാക്കനാരുടെ ചുററും കൂടി. അപ്പോൾ പാക്കനാർ പറഞ്ഞു. "അടിയനു ഭിക്ഷ വേണ്ട. ആ മരിച്ചു കിടക്കുന്ന ദേഹത്തെ ഒന്നു കാണാൻ അനുവദിച്ചാൽ മതി." "ഗൃഹവും, മൃതശരീ

രവ്യം അശുദ്ധമായിപ്പോകുകയില്ലേ" എന്ന ചിലർ മന്ത്രി
ച്ചു. എന്നാൽ പാക്കനാരെ പരിചയമുള്ള ബ്രാഹ്മണ
സ്ത്രീ അടുത്തു ചെല്ലുന്നതിന അനമതി നല്കി. പാക്ക
നാർ ആ മൃതശരീരത്തെ സമീപിച്ചു് പദ്യത്തിൽ ഈശ്വ
രനെ പ്രാർത്ഥിച്ചു. ആ പദ്യത്തിലെ അവസാനവാക്ക
ഉച്ചരിച്ചു തീർന്നപ്പോൾ മരിച്ചു കിടന്ന ബ്രാഹ്മണൻ നിദ്ര
യിൽ നിന്നെന്നപോലെ എഴന്നേററു. അവിടെ സന്നി
ഹിതരായിരുന്നവർ ആശ്ചര്യപരതന്ത്രരായി. ബ്രാഹ്മണ
സ്ത്രീ ആനന്ദത്തിലാറാടി. ജിജ്ഞാസുക്കളായ ആളുകളുടെ
അപേക്ഷാനുസരണം, പാക്കനാർ പാൽക്കഞ്ഞി കൊടു
ത്തതും അദ്ദേഹത്തിന്റെ അന്നത്തെ അപേക്ഷയും,
അവരെ ധരിപ്പിച്ചു. പാക്കനാർ ഒരു യാചകനല്ലെന്നും,
ദേവാംശസംഭൃതനാണെന്നും ഏവർക്കും മനസ്സിലായി.
ജാതിയല്ല, ഗുണമാണു് മനുഷ്യരെ ഉത്തമരാക്കിത്തീർക്കുന്ന
തെന്നു് ഉൽഘോഷിച്ചുകൊണ്ടു് എല്ലാവരും സ്വഗൃഹ
ങ്ങളിലേക്കു മടങ്ങി.

## 12. പ്രത്യുപകാരം

ഇംഗ്ലണ്ടിലെ സുപ്രസിദ്ധ മഹാപാഠശാലകളിൽ ഒന്നാണു് വെസ്റ്റ്മിൻസ്റ്റർ വിദ്യാലയം. ഏകദേശം മുന്നൂററി ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പു് ആ വിദ്യാലയത്തിലെ താഴ്ന്ന ക്ലാസ്സിൽ സമവയസ്കരായ രണ്ടു ബാലന്മാർ പഠിച്ചിരുന്നു. 'നിക്കോളസ്സ്' എന്നും, 'വേക്ക്' എന്നും ആയിരുന്നു അവരുടെ നാമധേയങ്ങൾ. ആത്മസുഹൃത്തുക്കളായിരുന്നെങ്കിലും അവരുടെ സ്വഭാവം വളരെ വ്യത്യസ്തരീതിയിലുള്ളതായിരുന്നു. നിക്കോളസ്സ് പഠിത്തത്തിൽ അലസനും, അസത്യം പറയുന്നതിൽ മടിയില്ലാത്തവനും ആയിരുന്നു. സംഭാഷണത്തിലും പെരുമാററത്തിലും ഋജുഗതിക്കാരനായിരുന്നു വേക്ക്. അയാളുടെ സ്മേരപ്രസന്നമായ മുഖം ആർക്കും സദാ ആഹ്ലാദം നല്കിവന്നു.

ഒരു ദിവസം പതിവുപോലെ പ്രഭാതത്തിൽ ആത്മസഖാക്കളായ അവർ ഇരുവരും ക്ലാസ്സിൽ എത്തി ഉപവിഷ്ടരായി. ഉപാദ്ധ്യായൻ വന്നു പഠിത്തം ആരംഭിച്ചു. വിദ്യാർത്ഥികൾ അതിശ്രദ്ധാലുക്കളായി കാണപ്പെട്ടു. അങ്ങനെ ചെയ്തില്ലെങ്കിൽ ക്ഷിപ്രകോപിയായ അദ്ധ്യാപകന്റെ ശിക്ഷ അതികഠിനമായിരിക്കുമെന്നു അവർക്കറിയാമായിരുന്നു.

വിശ്രമത്തിനുള്ള മണി അടിച്ചു. ഉപാദ്ധ്യായൻ ക്ലാസ്സിൽ നിന്നും പോയി. വിദ്യാൎത്ഥികൾ സന്തോഷഭരിതരായി വിവിധവിനോദങ്ങളിൽ ഏൎപ്പെട്ടു.

ആ വിശാലമായ ക്ലാസ്സുമുറി ഒരു തിരശ്ശീലകൊണ്ടു് രണ്ടായി ഭാഗിച്ചിരുന്നു. നിക്കോളസ്സ് തിരശ്ശീലയുടെ സമീപത്തുകൂടി കടന്നുപോയപ്പോൾ അയാളുടെ കൈ തട്ടി അതിനു സാരമായ കേടു പററുന്നതിനിടയായി. നിക്കോളസ്സ് വല്ലാതെ പരിഭ്രമിച്ചു. അപ്രതീക്ഷിതമായി സംഭവിച്ച അത്യാഹിതത്താൽ അയാൾ ഇതികൎത്തവ്യതാമൂഢനായി. യഥാൎത്ഥം വെളിപ്പെടുമ്പോൾ, ഗുരുനാഥന്റെ നിൎദ്ദയമായ ശിക്ഷയ്ക്കു താൻ പാത്രമാകുമെന്നു് അയാൾ നിശ്ചയിച്ചു. സതീൎത്ഥ്യന്മാർ പലരും തിരശ്ശീലയ്ക്കു പററിയ കേടു ഗുരുനാഥന്റെ കണ്ണുകളിൽ നിന്നും ഗോപനം ചെയ്യുവാൻ യത്നിച്ചു. പക്ഷെ അവർ ആഗ്രഹിച്ച ഫലം സിദ്ധിക്കുന്നതിനു മുമ്പു്, ക്ലാസ്സു തുടങ്ങുവാൻ വീണ്ടും മണി മുഴങ്ങി. നിശ്ശബ്ദരും മ്ലാനവദനരുമായ വിദ്യാൎത്ഥികൾ ഓരോരുത്തരും അവരവരുടെ സ്ഥാനം പ്രാപിച്ചു.

ഗുരുനാഥൻ ക്ലാസ്സിൽ വന്നു. എല്ലാവരും എഴുന്നേററു. ഭയചകിതരായ തന്റെ ശിഷ്യരെ കണ്ടപ്പോൾ എന്തോ അനിഷ്ടസംഭവം ഉണ്ടായിരിക്കാമെന്നു് അദ്ദേഹം അനുമാനിച്ചു. കുട്ടികളോടു് ഇരിക്കുവാൻ ആജ്ഞാപിച്ചിട്ടു് അദ്ദേഹം ചുററും നോക്കി. അദ്ദേഹ

ഞ്ഞിന്റെ നയനങ്ങൾ തിരശ്ശീലയിൽ പതിഞ്ഞു. അതു പഴയതായിരുന്നെങ്കിലും രണ്ടായി കീറിയിരിക്കുന്നതു കണ്ടു് അദ്ദേഹം കുപിതനായി. ഉദ്വേഗത്തോടെ അദ്ദേഹം ചോദിച്ചു. "കുട്ടികളേ, നിങ്ങളിൽ ആരാണു് ഈ തിരശ്ശീല കീറിയതു്. സത്യം പറയുക." ആരും അതിനു മറുപടി പറഞ്ഞില്ല. ഇരുന്ന സ്ഥാനങ്ങളിൽ നിന്നും അനങ്ങുന്നതിനുപോലും അവക്കു ധൈര്യമുണ്ടായില്ല. ഗുരുനാഥന്റെ മുഖം അരുണവർണ്ണമായി. ആ കൃത്യം ചെയ്തതു് ആരാണെന്നു് അദ്ദേഹം ഓരോ വിദ്യാർത്ഥിയോടും ചോദിച്ചു. "ഞാനല്ല; ഞാൻ കണ്ടില്ല." എന്നുള്ള ഉത്തരങ്ങൾ ഗദ്ഗദത്തിൽ ഓരോരുത്തരുടേയും ചുണ്ടുകളിൽ കൂടി പുറത്തു വന്നു. നിക്കോളസ്സിനോടും ഗുരുനാഥൻ ഈ ചോദ്യം ആവർത്തിച്ചു. അയാൾക്കു സത്യം പറയണമെന്നു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ ഭീരുത്വംകൊണ്ടു് അയാൾ അതിനു സന്നദ്ധനായില്ല. 'ഞാനല്ല' എന്നു മാത്രമേ നിക്കോളസ്സ് പറഞ്ഞുള്ളു. അടുത്തതായി വേക്കിനോടാണു ഗുരുനാഥൻ ചോദ്യം ചെയ്തതു്. നിക്കോളസ്സ് പറഞ്ഞതു് അസത്യമാണെന്നു് വെളിപ്പെടുമ്പോൾ അയാൾക്കു സംഭവിച്ചേക്കാവുന്ന കഷ്ടതകളെപ്പററി വേക്കു് വിചാരിച്ചുതുടങ്ങി. പ്രത്യുത്തരം നല്കാതെ വേക്കു് മൗനം അവലംബിച്ചു നില്ക്കുന്നതു കണ്ടു കുററവാളി അയാളാണെന്നു ഗുരുനാഥൻ വിചാരിച്ചു. സഹപാഠിവൃന്ദങ്ങൾ വിറയ്ക്കുമാറു് നിർദ്ദയം അയാളെ അദ്ദേഹം പ്രഹരിച്ചു.

അരുണവൎണ്ണമായ കവിൾത്തടങ്ങളോടും അശ്രുപൂൎണ്ണമായ നയനങ്ങളോടും വേക്ക് സ്വസ്ഥാനം പ്രാപിച്ചു. എന്നാൽ തന്റെ സുഹൃത്തിനുവേണ്ടി ഉദാരമായ ഒരു കൃത്യം നിൎവഹിച്ചു എന്നുള്ള ആത്മസംതൃപ്തി അയാൾക്കുണ്ടായി. സ്വപ്നേപി ചിന്തിക്കാത്ത ഒരു സംഗതിക്കുവേണ്ടി ശിക്ഷയനുഭവിക്കാൻ സന്നദ്ധനായ വേക്ക് എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചു.

അന്നത്തെ പഠിത്തം അവസാനിച്ച് ആ ക്ലാസ്സിലെ കുട്ടികൾ എല്ലാവരും കളിസ്ഥലത്തേയ്ക്കു പുറപ്പെട്ടു. വേക്കും നിക്കോളസ്സുമായിരുന്നു അപ്പോഴത്തെ അവരുടെ സംഭാഷണവിഷയം.

വിദ്യാൎത്ഥികളെല്ലാം അന്നു വിദ്യാലയവുമായി യാത്ര പറഞ്ഞു പിരിഞ്ഞു. തന്നെ ഭീരുവായിട്ടാണ് എല്ലാവരും കരുതിയിരിക്കുന്നതെന്നു നിക്കോളസ്സ് ധരിച്ചപ്പോൾ അയാൾ ഹൃദയം തകൎന്നു കേഴവാൻ തുടങ്ങി. നിക്കോളസ്സിനെ കാണാനായി വേക്ക് അയാളുടെ വസതിയിൽ ചെന്നു. മേശപ്പുറത്തു കമഴ്ന്നുകിടന്നു കരയുന്ന നിക്കോളസ്സിന്റെ കൈത്തലം പിടിച്ചുമൎത്തിക്കൊണ്ടു വേക്ക് പറഞ്ഞു. "സ്നേഹിതാ, നീ എന്തിനു കരയുന്നു. കഷ്ടം കഴിഞ്ഞ സംഭവങ്ങളെ ഓൎമ്മിച്ചു ദുഃഖിക്കുകയോ? അതുകൊണ്ടു എന്തു ഫലം; എഴുന്നേൽക്കൂ."

നിക്കോളസ്സ് കണ്ണുനീർ കണങ്ങൾ തുടച്ചു. അയാളുടെ ഹൃദയാന്തൎഭാഗത്തു നിന്നും ദീൎഘനിശ്വാസങ്ങൾ പുറപ്പെട്ടു.

അല്പം കഴിഞ്ഞു് സസ്നേഹം പറഞ്ഞു. "പ്രിയപ്പെട്ട വേക്ക് നീ എനിക്കുവേണ്ടി അനുഷ്ഠിച്ച ത്യാഗം എന്റെ ജീവാവസാനം വരെ ഞാൻ മറക്കുകയില്ല. എന്റെ ജീവിതം പാഴായിപ്പോകാതെ നീ സൂക്ഷിച്ചു. അതിനു് ആജീവനാന്തം ഞാൻ നിന്നോടു കടപ്പെട്ടിരിക്കും."

സംഭവബഹുലമായ നാല്പതു ദീർഘസംവത്സരങ്ങൾ കാലചക്രത്തിലമർന്നുപോയി. ഇംഗ്ലണ്ടിൽ അക്കാലത്തു് ജനങ്ങൾ രണ്ടു ഭാഗക്കാരായി പിരിഞ്ഞു. ഒരു വിഭാഗം ജനങ്ങൾ രാജപക്ഷത്തും മറുവിഭാഗം ജനപക്ഷത്തും ചേർന്നു. അവർ തമ്മിൽ വലിയ സംഘട്ടനങ്ങളുണ്ടാകുകയും, രാജാവായിരുന്ന ചാറത്സ് ഒന്നാമനെ ജനപക്ഷം തോല്പിച്ചു വധിക്കുകയും ചെയ്തു. അനന്തരം "ഒലിവർ ക്രോംവെൽ" ഭരണകർത്താവായി.

വെസ്റ്റ്മിൻസ്റ്റർ വിദ്യാലയത്തിലെ സതീർത്ഥ്യന്മാർ ഇരുവരും സ്കൂൾ വെടിഞ്ഞശേഷം പരസ്പരം വിസ്മൃതരായിപ്പോയി. അവരുടെ ജീവിതപന്ഥാക്കളും വളരെ വ്യത്യസ്തമായിരുന്നു. നിക്കോളസ്സ് ജനപക്ഷീയനായ ഒരു അഭിഭാഷകപ്രമുഖനായിരുന്നതിനാൽ അദ്ദേഹത്തെ ഒരു ന്യായാധിപനായി ക്രോംവെൽ അവരോധിച്ചു. വേക്ക് രാജപക്ഷത്തിലെ പരാക്രമശാലിയായ ഒരു സൈനികോദ്യോഗസ്ഥനായും പരിണമിച്ചു.

ജനപക്ഷത്തിലും, രാജപക്ഷത്തിലുമുള്ളവർതമ്മിൽ- ഇംഗ്ലണ്ടിന്റെ പടിഞ്ഞാറുഭാഗത്തുവച്ചു് അതിഭയങ്കര

മായ ഒരു സമരമുണ്ടായി. രാജപക്ഷക്കാർ നിശ്ശേഷം പരാജയമടഞ്ഞു. വേക്കിനേയും മററു ചില സൈന്തികോദ്യോഗസ്ഥന്മാരെയും, രാജ്യദ്രോഹികളായി ഗണിച്ച് "എക്സിററർ' കാരാഗൃഹത്തിൽ അടച്ചു. രാജ്യദ്രോഹത്തിനുള്ള അന്നത്തെ ശിക്ഷ വധമായിരുന്നു.

രാജ്യദ്രോഹികളായ തടവുകാരുടെ വിസ്താരദിവസം സമീപിച്ചു. അവരെ വിസ്തരിക്കുന്നതിനു ന്യായാധിപനായി നിക്കോളസ്സിനെയാണു് ലണ്ടനിൽ നിന്നും ക്രോംവെൽ നിയോഗിച്ചിരുന്നതു്.

നിക്കോളസ്സ് വിധിപീഠത്തിൽ ഉപവിഷ്ടനായി. തടവുകാരുടെ പേരും അവരുടെ കുററപത്രങ്ങളും വായിച്ചു. കേർണ്ണൽവേക്ക് എന്നുള്ള നാമശ്രവണമാത്രയിൽ ന്യായാധിപന്റെ മുഖത്തു ചില ഭാവഭേദങ്ങൾ പ്രത്യക്ഷമായി. എന്നാൽ അദ്ദേഹത്തിന്റെ കൃത്യം നിർവഹിക്കുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരുന്നു. നിയമത്തിന്റെ മുമ്പിൽ അവരെല്ലാവരും കുററക്കാരെന്നു തെളിയുകയും വെടിവെച്ച് വധശിക്ഷ നല്കുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു.

തടവുകാരെ അവരവരുടെ അറകളിലേയ്ക്കു് കൊണ്ടുപോയി. ന്യായാധിപൻ വികാരക്ഷുബ്ധനായി "കേർണ്ണൽ വേക്കിനെ അറിയാവുന്ന ആരെങ്കിലും ഇക്കൂട്ടത്തിൽ ഉണ്ടോ?" എന്നു് കീഴുദ്യോഗസ്ഥന്മാരോടു ചോദ്യംചെയ്തു. അവരിൽ ഒരാം പറഞ്ഞു.

"എനിക്കറിയാം; അദ്ദേഹം ഒരു ബാലനായിരുന്നപ്പോൾ ഞാൻ കണ്ടിട്ടുണ്ട്."

ന്യായാധിപൻ:—"അദ്ദേഹം വെസ്റ്റ്മിൻസ്റ്റർ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിയായിരുന്നു ഇല്ലേ?"

ഉദ്യോഗസ്ഥൻ:—"അതേ! അദ്ദേഹത്തിൻെറ അപ്പൻ അന്നു ലണ്ടനിലാണു വസിച്ചിരുന്നതു്."

ന്യായാധിപൻ അദ്ദേഹത്തിൻെറ സഹകാര്യമറിയിപ്പാൻ പോയി. അദ്ദേഹത്തിൻെറ സ്ഥാന ചിഹ്നങ്ങളെല്ലാം അത്യുത്സുകനായി മാററി ദൂരത്തിടുന്നതുകണ്ടു് ഭൃത്യൻ ഭീതി പൂണ്ടു. നിക്കോളസ്സ് അവനോടു പറഞ്ഞു. "നീ പോയി അതിവേഗം ഓടുന്ന ഒരു നല്ല കുതിരയെ തയ്യാറാക്കി നിറുത്തുക. ഇപ്പോൾതന്നെ എനിക്കു ലണ്ടനിലേക്കു തിരിക്കണം." അക്കാലത്തു് ഇന്നത്തെപ്പോലെ യാത്രചെയ്യുവാൻ തീവണ്ടിയോ, മോട്ടാറോ, പെട്ടെന്നു് ആശയവിനിമയം ചെയ്യുന്നതിനു് കമ്പിത്തപാലോ മററു ഉപകരണങ്ങളോ ഉണ്ടായിരുന്നില്ല.

രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ അശ്വാരൂഢനായ ഒരു പഥികൻ ലണ്ടനിലേയ്ക്കുള്ള റോഡിൽകൂടെ വായുവേഗത്തിൽ കുതിരയെ പായിച്ചുകൊണ്ടു പോകുന്നതു കാണാമായിരുന്നു. പ്രേക്ഷകർക്കു് യാത്രക്കാരൻ ആരാണെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. വിശ്രമമെന്തെ-

അറിയാതെ അന്നു രാത്രിയും പിറേറ ദിവസം പകലും നിക്കോളസ്സ് യാത്ര തുടൎന്നു. കുതിരയെ മാററുവാനായി ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ അദ്ദേഹം താഴത്തിറങ്ങിയുള്ളൂ.

അൎദ്ധരാത്രിയിൽ നിക്കോളസ്സ് ലണ്ടൻ നഗരത്തിൽ എത്തിച്ചേൎന്നു. താമസംവിനാ അദ്ദേഹം ക്രോംവെല്ലിനെ സന്ദൎശിച്ചു. യാത്രകൊണ്ടു പരവശനായി തന്റെ മുമ്പിൽ ആഗതനായിരിക്കുന്ന നിക്കോളസ്സിനെ കണ്ടു് ആ മഹാനായ നേതാവു് അത്ഭുതപ്പെട്ടു. അദ്ദേഹം ചോദിച്ചു. "നിക്കോളസ്സ്! ഇത്ര ദീൎഘദൂരം സഞ്ചരിച്ചു് ഈ അസമയത്തു് ഇവിടെ വരാനുള്ള കാരണമെന്താണു്?"

"ഞാൻ ഗുരുതരമായ ഒരു അഭ്യൎത്ഥനയുമായിട്ടാണു് അവിടുത്തെ സമീപിക്കുന്നതു്." നിക്കോളസ്സ് അശ്രുപൂൎണ്ണങ്ങളായ നയനങ്ങളോടുകൂടി പറഞ്ഞു. "എനിക്കു് ഒരു പ്രത്യുപകാരം നിൎവഹിക്കേണ്ടതുണ്ടു്. അങ്ങു് അതിനു എന്നെ ഹൃദയംഗമമായി സഹായിക്കണം."

അനന്തരം വെസ്റ്റ്മിൻസ്റ്റർ വിദ്യാലയത്തിൽവച്ചുണ്ടായ സംഭവം മുഴുവനും അദ്ദേഹം സവിസ്തരം പറഞ്ഞു കേൾപ്പിച്ചു.

അല്പസമയം കഴിഞ്ഞു് ഗൽഗദസ്വരത്തിൽ വീണ്ടും അദ്ദേഹം പറഞ്ഞു. "ഉപാദ്ധ്യായന്റെ കഠിനമായ പ്രഹ

രത്തിൽനിന്നു മാത്രമല്ല കലീനനും സംസ്കൃതചിത്തനുമായ വേക്ക് എന്നെ രക്ഷിച്ചത്; എന്നെ സത്പന്ഥാക്കളിൽ കൂടി ചരിക്കുവാനും പഠിപ്പിച്ചു. അന്ന് ഞാൻ ശപഥം ചെയ്തു എന്റെ ജീവാവസാനംവരെ അസത്യം പറയുന്നതല്ലെന്നു്. അതു് ഇന്നുവരെയും പാലിക്കുവാൻ സാധിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനാണു്. എന്നിൽ എന്തെങ്കിലും നല്ല സ്വഭാവം ഇപ്പോൾ ഉണ്ടെങ്കിൽ അതു വേക്കിൽ നിന്നു ലഭിച്ചതാണു്. അവിടത്തേയ്ക്കു് കണ്ണൽ വേക്കിനെ മോചിപ്പിക്കുന്നതിനു സാദ്ധ്യമല്ലെങ്കിൽ അദ്ദേഹത്തിനുവേണ്ടി എന്റെ ജീവിതം നഷ്ടപ്പെടുവാൻ അനുവദിക്കണം."

കരുണാകുലനായ 'ക്രോംവെല്ലി'ന്റെ നേത്രങ്ങളിൽ ബാഷ്പകണങ്ങൾ നിറഞ്ഞു. "ഈ സംഗതിയിൽ നിങ്ങളുടെ അഭ്യർത്ഥന നിരാകരിക്കുവാൻ ഞാൻ അപ്രാപ്തനാണു്." എന്നു പറഞ്ഞു് അദ്ദേഹം 'കണ്ണൽവേക്കി'നെ നിരുപാധികമായി മോചിപ്പിച്ചിരിക്കുന്നതായ ഉത്തരവ് നിക്കോളസ്സിനെ ഏല്പിച്ചു.

അദ്ദേഹം വീണ്ടും കുതിരപ്പുറത്തു കയറി അതിവേഗം 'എക്സിററി'ലേയ്ക്കു യാത്ര തുടന്നു. ഹൃദയത്തിൽ തിങ്ങി വിങ്ങിയ സന്തോഷത്താൽ യാത്രാക്ലേശമോ വഴിയിലെ ദുർഘടങ്ങളോ അദ്ദേഹത്തെ വിഷമിപ്പിച്ചില്ല.

നിക്കോളസ്സ് 'എക്സിററർ' കാരാഗൃഹത്തിൽ എത്തി. തടവുപുള്ളികളെ വധസ്ഥലത്തേയ്ക്കു കൊണ്ടു

പോയി വെടിവെയ്ക്കുവാൻ സന്നദ്ധമാക്കി നിറുത്തിയി രുന്നു. ന്യായാധിപൻെറ ആഗമനോദ്ദേശം എന്തെന്നറി യുവാൻ എല്ലാവരും വിസ്മയഭരിതരായി നോക്കിനിന്നു. 'കേണൽവേക്കി'ൻെറ മോചനപത്രം അത്യുച്ചത്തിൽ അദ്ദേ ഹം വായിച്ചു. അദ്ദേഹം അതു കേണലിൻെറ ഹസ്തങ്ങ ളിൽ സമർപ്പിച്ചിട്ടു പറഞ്ഞു. "വേക്ക് അങ്ങ് എന്നെ വിസ്മരിച്ചുപോയോ? വെസ്റ്റ്മിൻസ്റ്ററിൽ വെച്ച് നിങ്ങ ളുടെ സ്നേഹിതനായിരുന്ന നിക്കോളസ്സിനെ ഓർമ്മിക്കു ന്നില്ലേ? അന്ന് അങ്ങ് എനിക്കു ഒരുപകാരം ചെയ്തി ല്ലേ. അതിന് എൻെറ വിനീതമായ പ്രത്യുപകാരം ഇതാണ്."

ഇരുവരും ഗാഢഗാഢം പുണർന്നു അവരുടെ നയന ങ്ങളിൽ ആനന്ദാശ്രുക്കൾ അങ്കുരിച്ചു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M07 Acc. No. 19606

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MOT
SAM-K

19606

സാമുവൽ എം.

കഥാചന്ദ്രിക

KOTTAYAM PUBLIC LIBRARY

M07
Call No. SAM-K    Acc. No. 19606

Author സാമുവൽ കെ.എം.

Title കഥാ ചന്ദ്രിക

Indic Digital Archive Foundation
gpura.org